തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 23 | 2018 ഏപ്രിൽ | ലക്കം 4





അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി മൂറോൻ കൂദാശ ചെയ്ത പട്ടം തിരുസന്നിധി അരമനയിലെ സെന്റ് ബേസിൽ ചാപ്പലിന്റെ മദ്ബഹ (2018 മാർച്ച് 6, 8)

## മലങ്കര സുറിയാനി കത്തോലിക്കാസഭ

## തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 23 | 2018 ഏപ്രിൽ | ലക്കം 4

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
**കാതോലിക്കാ ബാവായിൽ** നിന്നും
നമ്മുടെ അധികാരത്തിൻകീഴുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാൻമാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2018

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ
ത്രീയേക ദൈവത്തിനു സ്തുതി.

## മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ യുവജനവർഷം

## 2018 മാർച്ച് 25 മുതൽ 2019 മാർച്ച് 25 വരെ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാൻമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കരസഭ സാർവ്വത്രിക സഭയുമായുള്ള ഐക്യത്തിലേക്ക് പുനഃപ്രവേശനം നടത്തിയിട്ട് 2030 സെപ്റ്റംബർ 20 ആകുമ്പോൾ ഒരു നൂറ്റാണ്ട് പൂർണ്ണമാവുകയാണ്. കക്ഷിവഴക്കുകളിലും വ്യവഹാര ങ്ങളിലും വിധിന്യായങ്ങളുടെ നൂലാമാലകളിലും കുടുങ്ങിക്കിടന്ന മലങ്കര സഭയെ, സാർവ്വത്രിക സഭാകൂട്ടായ്മയുടെ ഐക്യത്തിൽ പരിപോഷിപ്പിക്കുവാനും, നമ്മുടെ നാഥനും രക്ഷകനുമായ പുത്രൻ

തമ്പുരാൻ, "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (വി. മർക്കോസ് 16:15) എന്ന് കൽപ്പിച്ച് നൽകിയ ദൗത്യം കൂടുതൽ ഫലദായകവും കാലിക പ്രസക്തവുമാക്കാനും മലങ്കര സുറിയാനി സഭയ്ക്ക് കഴിഞ്ഞുവെന്നത് ദൈവകൃപയുടെ ഏറ്റം മിഴിവാർന്ന സാക്ഷ്യം! ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹത്തായ സഭാ സംഭവമായി ലോകമാധ്യമങ്ങൾ വിശേഷിപ്പിച്ച പുനരൈക്യപ്രസ്ഥാനം അതിന്റെ ശതാബ്ദിയിലേക്ക് പ്രവേശിക്കാൻ 12 വർഷങ്ങൾ മാത്രം ബാക്കി നിൽക്കെ തുടർന്നുള്ള ദിനങ്ങൾ സഭയൊന്നാകെ പ്രാർത്ഥനയുടെയും പഠനത്തിന്റെയും പങ്കുവയ്ക്കലിന്റെയും അവസരങ്ങളാക്കി മാറ്റേണ്ടതുണ്ട്. തുടർന്നുള്ള വർഷങ്ങളിലെല്ലാം സഭ വിവിധങ്ങളായ വിഷയങ്ങൾ പഠനവിഷയമാക്കുകയും ഏകാഗ്രതയോടെ അപഗ്രഥിക്കുകയും ചെയ്യുവാനാ ഗ്രഹിക്കുന്നു.

ശതാബ്ദിയിലേക്കുള്ള 12 വർഷത്തെ ഒരുക്കത്തിന്റെ ഭാഗമായി ഓരോ വർഷവും ഓരോ വിഷയം നമ്മുടെ സഭയുടെ പ്രത്യേക വിചിന്തന വിഷയമായി സ്വീകരിക്കുവാൻ നാം തയ്യാറെടുക്കുന്നു. അതിന്റെ പ്രാരംഭ നടപടിയായി യുവജനങ്ങളെ കേന്ദ്രീകരിച്ച് നമ്മുടെ വിചിന്തനവും സമർപ്പണവും ആരംഭിക്കുകയാണ്. ഇന്നത്തെ ലോകത്തിൽ ക്രിസ്തു ശിഷ്യരായി ജീവിക്കുവാൻ യുവജനങ്ങളെ ശക്തരാക്കുക, യുവജനങ്ങളെ സഭയുടെ ജീവിതത്തിന്റേയും ദൗത്യത്തിന്റേയും കടമകളുടേയും ഉത്തര വാദിത്വപൂർണ്ണരായ പങ്കാളികളാക്കിത്തീർത്ത് വിശ്വാസസമൂഹം കെട്ടിപ്പടുക്കുക, വ്യക്തിപരവും ആത്മീയവുമായ സമഗ്രപുരോഗതിയിലേക്ക് ഓരോ യുവാവിനെയും യുവതിയെയും നയിക്കുക എന്നിവയാണ് നാം ലക്ഷ്യം വയ്ക്കുന്നത്.

മലങ്കര സുറിയാനി കത്തോലിക്കാ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയെ സംബന്ധിച്ചിടത്തോളം സഭയുടെ യുവജന പ്രസ്ഥാനം (MCYM) 50 വർഷം പിന്നിടുന്ന അസുലഭ നിമിഷങ്ങൾ കൂടിയാണിത്. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന (ലൂക്കാ 2:5) കർത്താവിനെ പിൻചെന്ന് അവിടുത്തെ സാക്ഷികളായി വ്യത്യസ്ത രീതികളിൽ, ഭാവങ്ങളിൽ കഴിഞ്ഞ 50 വർഷക്കാലം സഭയെ ശുശ്രൂഷിച്ച മഹത്തായ ഈ പ്രസ്ഥാനത്തിന്, അതിന്റെ മുൻകാല പ്രവർത്തകർക്കൊപ്പം ഇന്നു സജീവമായി പ്രവർത്തിക്കുന്ന എല്ലാവർക്കും ജൂബിലിയുടെ

പ്രാർത്ഥനാമംഗളങ്ങൾ ഞാൻ സ്നേഹപൂർവ്വം നേരുന്നു. 2018 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച നമ്മുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ജ്ഞാനപൂർണ്ണമായ ആലോചനയുടെ വെളിച്ചത്തിൽ, **മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ, 2018 മാർച്ച് 25 മുതൽ 2019 മാർച്ച് 25 വരെ യുവജനവർഷമായി ഞാൻ പ്രഖ്യാപിക്കുന്നു.** മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ (MCYM) സുവർണ്ണജൂബിലിയുടെ പശ്ചാത്തലത്തിൽ യുവജന വർഷാചരണം നമ്മുടെ സഭയെ മുഴുവൻ യുവാവായ ക്രിസ്തുവിലേക്ക് കൂടുതൽ അടുപ്പിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. യുവജന വർഷാചരണം സഭയിലെ യുവജനങ്ങൾക്കു മാത്രമായുള്ള ഒരു വർഷാചരണമായി ചുരുങ്ങിപ്പോകാതെ നമ്മുടെ സഭ മുഴുവൻ യുവജന ശുശ്രൂഷയെയും യുവജനങ്ങൾ സഭയേയും ശക്തീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു വർഷമായിരിക്കട്ടെയെന്ന് ആശംസിക്കുന്നു, പ്രത്യാശിക്കുന്നു. അതിനായി പരിശുദ്ധ റൂഹായോട് പ്രത്യേകമായി പ്രാർത്ഥിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ മാർ ഈവാനിയോസ് പിതാവിന്റെ കാലഘട്ടം മുതൽ തന്നെ യുവജനങ്ങൾ വളരെ സജീവമായി പ്രവർത്തിക്കുകയും, സഭയുടെ നിലപാടുകളോട് ചേർന്ന് നിൽക്കുകയും നന്മകൾ ചെയ്തു ചുറ്റിസഞ്ചരിച്ച യേശുവിനെ ചുറ്റുപാടുകളിൽ അനുഭവവേദ്യമാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ഇടവകകളിൽ യുവജനങ്ങൾ ഒരുമിച്ചുകൂടുകയും ഇടവകയെ ശക്തിപ്പെടുത്തുകയും പുനരൈക്യശ്രമങ്ങൾക്ക് ശക്തി പകരുകയും ചെയ്തു എന്നത് ചരിത്രം സാക്ഷിക്കുന്നു. എങ്കിലും നിയതമായ ഒരു ക്രമീകരണത്തോടെ, ഒരു സംഘടന എന്ന നിലയിൽ യുവജന പ്രസ്ഥാനം രൂപം കൊണ്ടിട്ട് അഞ്ച് പതിറ്റാണ്ടുകൾ പിന്നിടുകയാണ്. 1968 ഫെബ്രുവരി 28-ാം തീയതി തിരുവല്ല സെന്റ് ജോൺസ് ഭദ്രാസന ദൈവാലയത്തിൽ ഭാഗ്യസ്മരണാർഹനായ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ ഫുസ്റ്റൻബർഗ് തിരുമേനി കേരള കത്തോലിക്കാ യുവജന സംഘടന എന്ന പേരിൽ മലങ്കരയിലെ യുവജന പ്രസ്ഥാനത്തിന് ഔദ്യോഗികമായ തുടക്കം കുറിച്ചു. അതിന് മുന്നൊരുക്കമായി 1967 നവംബർ 17-ാം തീയതി വെണ്ണിക്കുളം സെന്റ് തോമസ് മലങ്കര കത്തോലിക്കാ പള്ളിയിൽ അന്നത്തെ വികാരി ജനറാൾ മോൺ. മാത്യു നെടുങ്ങാ

ടിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഒരു ആഡ്ഹോക് കമ്മറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു.

അവിഭക്ത തിരുവനന്തപുരം അതിഭദ്രാസനത്തിൽ 1971-ൽ ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹാശിർവാദത്തോടെ ദിവംഗതനായ ഡൊമിനിക്ക് സഖറിയാസച്ചന്റെ നേതൃത്വത്തിൽ പത്തനംതിട്ട കേന്ദ്രമാക്കി യുവജനങ്ങൾ ഒരു സംഘടനയായി ഒരുമിച്ച് കൂടി മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം (Malanakara Catholic Youth Movement) അഥവാ എം.സി.വൈ.എം. എന്ന പേര് സ്വീകരിച്ചു. 1978-ൽ എം.സി.വൈ.എം ന്റെ നേതൃത്വത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്ക് റാന്നി-പെരുനാട്ടിൽ നിന്നും തീർത്ഥാടന പദയാത്ര ആരംഭിച്ചതോടെ യുവജനപ്രസ്ഥാനത്തിന് പുതിയ രൂപവും ഭാവവും കൈവന്നു. 1984-ൽ മൂന്ന് രൂപതകളിലും യുവജനപ്രസ്ഥാനം എം.സി.വൈ.എം എന്ന പേരിൽ ക്രമീകരിച്ചു. 1990-ൽ എം.സി.വൈ.എം കേന്ദ്രസമിതി ഔദ്യോഗികമായി രൂപീകരിക്കപ്പെട്ടു. ഇന്ന് സഭാതല സമിതിയുടെ നേതൃത്വത്തിൽ നിയതമായ ഭരണഘടനയോടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ എല്ലാ ഭദ്രാസനങ്ങളിലും യുവജനപ്രസ്ഥാനം വളരെ ശക്തമായി പ്രവർത്തിച്ചുവരുന്നു.

2018 മാർച്ച് 25 മുതൽ 2019 മാർച്ച് 25 വരെ മലങ്കര സുറിയാനി കത്തോലിക്കാ സഭ യുവജനവർഷമായി ആചരിക്കുന്നു. 2018 ഒക്ടോബർ മാസം റോമിൽവച്ച് നടക്കാനിരിക്കുന്ന മെത്രാൻമാരുടെ സിനഡിന്റെ പശ്ചാത്തലത്തിൽ യുവജനശുശ്രൂഷയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സുധീരമായ സാക്ഷ്യം നൽകുന്നതിനും തിരുസഭയോടു ചേർന്ന് സഭയുടെ മറ്റ് ശുശ്രൂഷാ മേഖലകളിൽ യുവജന ശുശ്രൂഷാ ചൈതന്യം വ്യാപിപ്പിക്കുന്നതിനും തിരുസഭ ഒന്നാകെ ആഗ്രഹിക്കുന്നു. മെത്രാന്മാരുടെ സിനഡിന്റെ വിഷയം തന്നെ, “യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ” എന്നതാണ്. സിനഡിന്റെ ഒരുക്കമായി 2018 മാർച്ച് 19 മുതൽ 25 വരെ റോമിൽ വച്ച് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ വിളിച്ചുചേർക്കുന്ന സമ്മേളനത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഔദ്യോഗിക പ്രതിനിധിയായി MCYM സഭാതല പ്രസിഡന്റ് ശ്രീ. ടിനു കുര്യാക്കോസ് സംബന്ധിക്കുന്നതാണ് എന്ന വിവരം സസന്തോഷം ഏവരെയും അറിയിക്കുന്നു.

‘ഞങ്ങളുടെ പുത്രന്മാർ മുളയിലെ തഴച്ചു വളർന്ന സസ്യം പോലെയും, ഞങ്ങളുടെ പുത്രിമാർ കൊട്ടാരത്തിനുവേണ്ടി കൊത്തിയെടുത്ത സ്തംഭം പോലെയും ആയിരിക്കട്ടെ’ (സങ്കീ. 144:12) എന്ന് സങ്കീർത്തകൻ ഓർമ്മിപ്പിക്കുമ്പോൾ നമ്മുടെ യുവജന പ്രസ്ഥാനത്തിന്റെ കരുത്തും ഓജസ്സും ശുശ്രൂഷാ മനോഭാവവും എടുത്തുകാട്ടപ്പെടുകയാണ്. ഓരോ യുവാവിനെയും യുവതിയെയും പറ്റിയുള്ള ഈ പരാമർശം ലോകത്തോടുള്ള ദൈവത്തിന്റെ പ്രഖ്യാപനമാണ്. പരിശുദ്ധ പിതാവിന്റെ വിചിന്തന വിഷയത്തെ മുൻനിർത്തി ആഗോള സഭയിലെ പിതാക്കന്മാർ റോമിൽ സമ്മേളിക്കുന്നതിന് മുന്നൊരുക്കമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ സഭാമക്കൾ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം, വൈദീകരോടും, സന്യസ്തരോടും ദൈവജനത്തോടുമൊപ്പം നമ്മുടെ യുവജനങ്ങളെപ്പറ്റി പഠിക്കുന്നതിനും പ്രത്യേകമായി ചിന്തിക്കുന്നതിനും അവരുടെ ശുശ്രൂഷാ മേഖലകളെ പുനർവായനയ്ക്ക് വിധേയമാക്കുന്നതിനും ഈ ജൂബിലി വർഷം പരിശ്രമിക്കണം. ഇത് കാലഘട്ടത്തിന്റെ ആവശ്യവും ദൈവീക പദ്ധതിയുമാണെന്ന് സഭാ ശുശ്രൂഷകരും സഭാമക്കളും മനസ്സിലാക്കണം. “യുവജനങ്ങളുടെ ശബ്ദം കേൾക്കപ്പെടേണ്ട കാലമാണ് ഇത്” എന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നത് നമുക്ക് പ്രത്യേകം ശ്രദ്ധിക്കാം.

നമ്മുടെ യുവജനങ്ങൾ ഈ കാലഘട്ടത്തിൽ എല്ലാ കാലത്തേയുംകാൾ ഉപരി നിരവധിയായ വെല്ലുവിളികളിലൂടെയും പ്രതിസന്ധികളിലൂടെയും കടന്ന്പോകുന്നു. വിശ്വാസജീവിതത്തിൽ നിരീശ്വര പ്രസ്ഥാനങ്ങളുടെയും രാഷ്ട്രീയ പ്രത്യയ ശാസ്ത്രങ്ങളുടെയും സ്വാധീനം കൂടിവരുന്നു. നിരീശ്വരവാദവും രാഷട്രീയ പോർ വിളികളും ശരിയെന്ന് കരുതുന്ന ഇടങ്ങളിൽ യുവജനങ്ങൾ പങ്കുകാരാകുമ്പോൾ അവർ ക്രിസ്തുവിന് നൽകുന്ന സാക്ഷ്യം എന്താണ്?. “യുവാവ് തന്റെ മാർഗം നിർമ്മലമായി സൂക്ഷിക്കുന്നത് കർത്താവിന്റെ വചനങ്ങൾ പാലിച്ചിട്ടാകുന്നു” (സങ്കീ.119:9) എന്ന കർത്തൃവചനം നമുക്ക് പാഠമായിരിക്കട്ടെ. ലോകത്തിന്റെ മോഹങ്ങൾക്കും മദ്യത്തിനും മയക്കുമരുന്നിനും അസന്മാർഗ്ഗികതയ്ക്കും അടിമകളായി ജീവിതം പാഴാക്കുന്ന, കുറ്റവാളികളായി കൽത്തുറുങ്കിൽ അടയ്ക്കപ്പെടുന്ന യുവജനങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നു. യുവജനങ്ങളിൽ അക്രമവാസനകളും നിരാശയിൽ നിന്ന് ഉടലെടുക്കുന്ന ആത്മഹത്യാ പ്രവണതകളും ഉടലെടുക്കു

ന്നത് കണ്ടില്ലെന്നു നടിക്കാനാവില്ല. ഇത്തരത്തിൽ നമ്മുടെ യുവജനങ്ങൾ കടന്നു പോകുന്ന ആത്മീയവും ബൗദ്ധികവും സാമൂഹികവും ധാർമ്മികവുമായ മേഖലകൾ ഗൗരവപൂർണ്ണമായ പഠനത്തിനും വിചിന്തനത്തിനും പ്രാർത്ഥനയ്ക്കും വിധേയമാക്കപ്പെടണം. ഈ ജൂബിലി വർഷത്തിൽ അവയ്ക്ക് ഉചിതമായ പരിഹാരങ്ങൾ നിർദ്ദേശിക്കപ്പെടണം, അവ പാലിക്കപ്പെടാൻ ജാഗ്രതയോടെ വർത്തിക്കണം. നമ്മുടെ യുവജനങ്ങൾ നമ്മുടെ ശക്തിയാണ്; അത് നശിപ്പിക്കപ്പെടുന്നതിന് നാം അനുവദിച്ചു കൂടാ. "യുവാക്കളുടെ മഹത്വം അവരുടെ കരുത്താണ്" (സുഭ.20:29) ഈ കരുത്തും യുവത്വത്തിന്റെ പ്രസരിപ്പും ഓജസ്സും ക്ഷയോന്മുഖമാകാതെ, വർദ്ധിച്ച വീര്യത്തോടെ ഒരു നവയുഗ സൃഷ്ടിക്കായി അശ്രാന്തം പരിശ്രമിക്കാൻ നമ്മുടെ യുവതയെ കർമ്മോത്സുകരാക്കാം.

യുവജനവർഷത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ കർമ്മപദ്ധതികൾ സഭാതലത്തിൽ രൂപീകരിച്ചു വരുന്നു. അതോടൊപ്പം യുവജനങ്ങളുടെ എല്ലാ ശുശ്രൂഷാ മേഖലകളിലും സഭ മുന്നോട്ട് വയ്ക്കുന്ന ആശയങ്ങളെ പ്രവൃത്തിപഥത്തിൽ എത്തിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ വിഭാവനം ചെയ്യപ്പെടണം. അതിനുതകുന്ന രീതിയിൽ സഭയുടെ വ്യത്യസ്ത ശുശ്രൂഷാമേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാവരും ഇതുമായി ബന്ധപ്പെട്ട പഠനങ്ങളും ചർച്ചകളും കർമ്മ പരിപാടികളും സംഘടിപ്പിക്കണം. രൂപതാ, മേഖലാ, യൂണിറ്റു തലങ്ങളിൽ യുവജന ശുശ്രൂഷയെ ശക്തിപ്പെടുത്തുന്ന കൂട്ടായ്മകളും കർമ്മപരിപാടികളും സംഘടിപ്പിക്കണം. ആത്മീയമായി നമ്മുടെ യുവജനങ്ങൾ പരിപുഷ്ടരാക്കപ്പെടുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടണം. ദൈവവചനം ജീവിതത്തിൽ രൂഢമൂലമാകുന്നതിന് ആവശ്യമായ പരിശീലനം യുവജനങ്ങൾക്ക് നൽകപ്പെടണം. അനുഭവിച്ചാൽ മാത്രമേ വചനം സാക്ഷ്യമാകുന്നതിന് പര്യാപ്തമാകൂ.

സഭയുടെയും സമൂഹത്തിന്റെയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തെയുംകാൾ വർദ്ധിച്ചിരിക്കുന്നു. സഭയുടെ ധാർമ്മിക യുവജന പ്രസ്ഥാനം യുവജനങ്ങളെ യേശുക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യരാകുന്നതിനും ജീവിക്കുന്ന സുവിശേഷമാകാനും ഒരുക്കുകയാണ് ചെയ്യുന്നത്. "കർത്താവിന്റെ സ്നേഹ സംസ്ക്കാരം കെട്ടിപ്പടുക്കുന്നതിന്, ഊർജ്ജവും താലന്തു

കളും ഉപയോഗിച്ചുകൊണ്ട് ലോകത്തിൽ ഒരു വ്യത്യസ്ത ജീവിത സാക്ഷ്യം നൽകാൻ" പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ആഹ്വാനം ചെയ്തതു പോലെ (Pope John Paul II, Homily at world Youth Day, 1993) മാറ്റപ്പെടുന്ന ജീവിത സാഹചര്യത്തിൽ മാറ്റമില്ലാത്ത സ്നേഹത്തിന്റെ വചനം ജീവിക്കുന്നവരായി നമ്മുടെ യുവജനങ്ങൾ മാറണം.

ശാസ്ത്രപുരോഗതിയോടൊപ്പം സാങ്കേതിക വളർച്ച സമൂഹത്തിന്റെ ചലനശേഷി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ മനുഷ്യനെ കാർന്നു തിന്നുന്ന ഏകാന്തതയും വിഷാദരോഗങ്ങളും യുവ മനസ്സുകളെ തകർക്കുന്നതിന് ഇടയാകരുത് (ഫ്രാൻസിസ് മാർപാപ്പ, കരുണയും കരുണാർഹയും 3). മനുഷ്യന്റെ ഉപഭോഗ സംസ്കാരത്തിലധിഷ്ഠിതമായ ജീവിതശൈലിയും ഉപയോഗവും വലിച്ചെറിയുന്ന സംസ്ക്കാരവും മൂലം സംഭവിക്കാനിരിക്കുന്ന പ്രകൃതി ചൂഷണവും (ലൗദാത്തോ സി 20, 22) ഒരിക്കലും നമ്മുടെ യുവജനങ്ങൾക്ക് മാതൃകാ പാഠമാകുന്നതിന് നാം അനുവദിക്കരുത്.

ഇത്തരുണത്തിൽ സഭയെ ശക്തിപ്പെടുത്തുന്നതിന്, യുവജന വിഭവശേഷി ശരിയായി പ്രയോജനപ്പെടുത്തി അവരെ കൂടുതൽ സജ്ജമാക്കുന്നതിന് ഞാൻ ഈ ജൂബിലി വർഷം ഏവരെയും ആഹ്വാനം ചെയ്യുന്നു. മിശിഹാതമ്പുരാൻ സഭയെ ഭരമേൽപ്പിച്ച പ്രേഷിത ദൗത്യത്തിന് സാക്ഷികളാകുവാൻ നമ്മുടെ യുവജനങ്ങൾ ഈ ജൂബിലി വർഷത്തിൽ കൂടുതൽ ശക്തരാകട്ടെ. സഭയുടെ ശുശ്രൂഷയോടു ചേർന്ന് യുവജനങ്ങൾ കൂടുതൽ ശക്തരായി, "ജറുസലേമിലും, യൂദായിലും, സമറിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും" (അപ്പോ.1:8) കർത്താവിന് സാക്ഷികളാകുവാൻ നമ്മുടെ യുവജനങ്ങൾ ശക്തരാകട്ടെ. ഭാരതത്തിന്റെ സുവിശേഷവത്കരണത്തിലും സാർവ്വത്രിക സഭയുടെ പ്രേഷിത മുന്നേറ്റത്തിലും നമ്മുടെ യുവജനങ്ങളുടെ സംഭാവനകൾ നാഴികകല്ലുകളായി മാറട്ടെയെന്ന് ആത്മാർത്ഥമായി ഞാൻ ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. നമ്മുടെ യുവജന വർഷാചരണത്തിന്റെ അർത്ഥപൂർണ്ണമായ നടത്തിപ്പിന് നമ്മുടെ എല്ലാ ബഹു. വികാരിമാരും സമർപ്പിതരും ഇടവക ഭരണ സമിതിയംഗങ്ങളും വിവിധ ശുശ്രൂഷാ വേദികൾക്ക് നേതൃത്വം കൊടുക്കുന്നവരും സകല കുടുംബങ്ങളും സജീവമായ നേതൃത്വം നൽകണം എന്ന് സ്നേഹപൂർവ്വം ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

യുവജനവർഷം ആരംഭിക്കുന്ന 2018 മാർച്ച് 25-ന് (ഓശാന ഞായർ) വി. കുർബ്ബാനയ്ക്കു ശേഷം പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന പ്രാർത്ഥന ഒരുമിച്ച് ചൊല്ലുകയും MCYM പതാക ഉയർത്തുകയും ചെയ്യേണ്ടതാണെന്ന് ഏവരെയും ഓർമ്മപ്പെടുത്തുന്നു.


തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ഞാൻ MCYM പതാക ഉയർത്തുന്നതോടൊപ്പം അഭിവന്ദ്യ പിതാക്കന്മാർ അവരുടെ കത്തീഡ്രൽ ദൈവാലയത്തിലോ ഇടവകയിലോ ഉയർത്തുന്നതാണ്.

യുവജന വർഷാചരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ഇപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് ഏവരെയും അറിയിച്ചുകൊള്ളുന്നു.

MCYM-ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയുടെ പ്രത്യേക മാദ്ധ്യസ്ഥം നിങ്ങളെ ഏവരെയും കൂടുതൽ ശക്തീകരിക്കട്ടെ!

ആയത്, ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും,സകലവിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
15-03-2017

---

N.B: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTRE
PATTOM, TRIVANDRUM-695004

Prot. No. CCL 3/2018

21 March 2018

## സർക്കുലർ

## സെമിനാരി ദിനം 2018

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭയിലാകമാനം പുതുഞായർ സെമിനാരി ദിനമായി ആചരിക്കുകയാണല്ലോ. പൗരോഹിത്യ ദൈവവിളിയെക്കുറിച്ച് മനസ്സിലാക്കുന്നതിനും ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനും വൈദിക പരിശീലനത്തിൽ ഉൾപ്പെട്ടിരിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനും സെമിനാരി ദിനാചരണം നമ്മെ പ്രത്യേകമായി ആഹ്വാനം ചെയ്യുന്നു.

പൗരോഹിത്യം അതിശ്രേഷ്ഠമായ ഒരു ദാനവും വിശുദ്ധമായ ഒരു ദൗത്യവുമാണ്. നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തിരിക്കുന്നത് എന്ന തിരുവചനത്തിലൂടെ യേശു പൗരോഹിത്യവിളിയുടെ അതി സ്വാഭാവികമാനം വെളിപ്പെടുത്തുന്നു. എന്നാൽ ഈ വിളിക്ക് പ്രത്യുത്തരം നല്കുന്ന വ്യക്തി ബലഹീനനായ മനുഷ്യനാണ്. സാധാരണ മനുഷ്യരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരാണ് പുരോഹിതർ. ജനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരോ പുരോഹിതനും ദൈവവുമായുള്ള ബന്ധത്തിൽ മനുഷ്യർക്കുവേണ്ടി പ്രവർത്തിക്കാൻ നിയമിക്കപ്പെട്ടിരിക്കുന്നു (ഹെബ്രായർ 5:1).

പൗരോഹിത്യമെന്ന മഹാദാനം ബലഹീനമായ മനുഷ്യകരങ്ങളിലാണ് ഏൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന് ചുരുക്കം. മാനുഷിക സാഹചര്യങ്ങളിൽ നിന്നും വിളിക്കപ്പെട്ടിരിക്കുന്ന പുരോഹിതർ

സുവിശേഷ ശുശ്രൂഷയ്ക്കായി അയയ്ക്കപ്പെടുന്നതും അതേ സാഹചര്യങ്ങളിലേക്കാണ്. ഈ കാരണത്താൽ പൗരോഹിത്യവും പൗരോഹിത്യ ശുശ്രൂഷയും നിരന്തരം വെല്ലുവിളികൾ നേരിട്ടു കൊണ്ടിരിക്കുന്നു.

ആയതിനാൽ ലോകത്തിലെ വ്യത്യസ്ത സാഹചര്യങ്ങളിൽ ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ സജീവവും സുതാര്യവുമായ പ്രതിരൂപമായിത്തീരാൻ പുരോഹിതർ വിളിക്കപ്പെട്ടിരിക്കുന്നു. സ്വഭാവത്തിലും, ദൗത്യത്തിലും പുരോഹിതർ യേശുക്രിസ്തുവിന്റെ മാതൃകയിലായിരിക്കണം. അപ്പോൾ മാത്രമേ അദൃശ്യനായ ക്രിസ്തു തന്റെ പുരോഹിതരിലൂടെ ഇന്ന് ലോകത്തിൽ ദൃശ്യമാവുകയുള്ളൂ. സമൂഹത്തിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കുമനുസരിച്ച് പൗരോഹിത്യശുശ്രൂഷ നിർവ്വഹിക്കുവാൻ ഓരോ പുരോഹിതനും സാധിക്കണം. പുരോഹിതന്റെ ജീവിതവും ശുശ്രൂഷയും ഓരോ യുഗത്തിനും ജീവിതത്തിന്റെ ഓരോ സാഹചര്യത്തിനും ഒത്തിണങ്ങുന്നതുമായിരിക്കണമെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ നമ്മോട് പറയുന്നുണ്ട് (പാസ്തോരെസ് ദാബോ വോബിസ് 5).

ആത്മീയതയും സഭാത്മകതയുമുള്ള കുടുംബങ്ങളിൽനിന്നു മാത്രമേ നല്ല ദൈവവിളികൾ ഉണ്ടാവുകയുള്ളു. മാതാപിതാക്കളുടെ ആത്മീയജീവിതവും മാതൃകയുമാണ് ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അടിസ്ഥാനമായി നിലനില്ക്കുന്നത്. ഇടവകയിലെ ആത്മീയ ശുശ്രൂഷകളും ദൈവാരാധനയും ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് കാരണമായിത്തീരും.

പൗരോഹിത്യ ദൈവവിളിയെക്കുറിച്ചും ദൗത്യങ്ങളെപ്പറ്റിയും ശരിയായ ദർശനവ്യക്തത ലഭിക്കുന്നത് വൈദിക പരിശീലനത്തിലൂടെയാണ്. പുരോഹിതാർത്ഥികളുടെ തിരഞ്ഞെടുപ്പും അവരുടെ പരിശീലനവും പൗരോഹിത്യ ശ്രേഷ്ഠതയെ പ്രകാശമാനമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ദൈവഭക്തിയും സ്നേഹവും നിറഞ്ഞ കുടുംബാന്തരീക്ഷത്തിൽ മുളയെടുക്കുന്ന ദൈവവിളിയെ പരിപോഷിപ്പിക്കുകയും ഉജ്ജ്വലിപ്പിക്കുകയുമാണ് വൈദിക പരിശീലനത്തിൽ ചെയ്യേണ്ടതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട്. അതിനാൽ പൗരോഹിത്യ പരിശീലനം ഏറെ ഗൗരവമായും ശ്രദ്ധയോടെയും നടത്തേണ്ട ഒരു ശുശ്രൂഷയാണ്.

ഓരോ രൂപതയിലും മൈനർ സെമിനാരി പരിശീലനം നല്കുന്നതുവഴി വൈദികാർത്ഥികളിൽ പൗരോഹിത്യത്തെക്കുറിച്ച് ശരിയായ ദർശനം നല്കാൻ സാധിക്കുന്നുണ്ട്. തത്വശാസ്ത്രവും

ദൈവശാസ്ത്രവും പഠിക്കുന്നതിലൂടെ ആത്മവിശ്വാസമുള്ളവരും ഉത്തമരും മൂല്യബോധമുള്ളവരുമായ പുരോഹിതരെ സഭയ്ക്ക് പ്രദാനം ചെയ്യുകയെന്നതാണ് ലക്ഷ്യം വയ്ക്കുന്നത്.

സെമിനാരി ദിനം ആചരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ സഭയിൽ പരിശീലനത്തിലായിരിക്കുന്ന എല്ലാ വൈദിക വിദ്യാർത്ഥികൾക്കും വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. വൈദികപരിശീലനം വഴിയായി യേശുവിനെ അന്വേഷിച്ച്, അനുഭവിച്ചറിയാനും അവനെ പ്രഘോഷിക്കാനും അവർക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. നമ്മുടെ സഭയിൽ വൈദിക പരിശീലനം നല്കുന്ന എല്ലാ ബഹു. വൈദികർക്കും വേണ്ടി ഈ ദിവസം പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

വൈദിക പരിശീലനത്തിൽ നിങ്ങളുടെ സാമ്പത്തികമായ സഹകരണംവഴി ഉൾചേരുന്നതിന് ഈ അവസരത്തിൽ പ്രത്യേകം ഞാൻ ഓർമ്മപ്പെടുത്തുന്നു. വ്യക്തിപരമായോ കുടുംബമായോ നമ്മുടെ സെമിനാരി പരിശീലനത്തിൽ പ്രത്യേകിച്ച് നമ്മുടെ സഭയുടെ ഹൃദയമായ മലങ്കര മേജർ സെമിനാരിയുടെ പരിശീലനത്തിൽ ഉൾപ്പെടുന്നതിന് ആഗ്രഹിക്കുന്നവർ ബഹു. സെമിനാരി റെക്ടറച്ചനുമായി ബന്ധപ്പെട്ട് ക്രമീകരിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,

+Baselios cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

**THE SYRO-MALANKARA CATHOLIC CHURCH**

# MAJOR ARCHDIOCESE OF TRIVANDRUM

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL-TVM 2/2018

26 March 2018

## സർക്കുലർ

## മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം, വേറ്റിനാട്

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

സങ്കീർണ്ണമായ ഒരു ലോകത്താണ് നാം ജീവിക്കുന്നത്. സമസ്ത മേഖലകളിലും ജീർണ്ണത പ്രകടമാണ്. നമ്മുടെ വിശ്വാസ ജീവിതത്തെയും കുടുംബബന്ധങ്ങളെയും ഈ ജീർണ്ണതകൾ ഏറെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. മാതാപിതാക്കൾക്കും, യുവജന ങ്ങൾക്കും, കുട്ടികൾക്കും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വർക്കും ശരിയായ ദിശാബോധം നൽകുവാൻ നാം ശ്രദ്ധിക്കുന്നി ല്ലെങ്കിൽ അതിന്റെ ദുരന്തഫലം തലമുറകൾ അനുഭവിക്കേണ്ടി വരും. നിലനിന്നിരുന്ന മൂല്യക്രമം തന്നെ അപകടകരമാംവിധം തകിടം മറിഞ്ഞിട്ടുണ്ട്. കലുഷിതമായ ഈ സാഹചര്യത്തിൽ സമൂഹത്തെ നേർവഴിയിലൂടെ മുന്നോട്ട് നയിക്കുവാനുള്ള ഉത്തരവാദിത്തം സഭയ്ക്കുണ്ട്. നമ്മുടെ എല്ലാ ശുശ്രൂഷാവേദികളും ഈ തിരിച്ചറി വാണ് ചിട്ടപ്പെടുത്തേണ്ടത്. പക്വമായതും സ്ഥായിയായതുമായ ദൈവബന്ധത്തെ ലക്ഷ്യംവച്ചു കൊണ്ടുള്ള ഒരു ആത്മീയ നവീകരണം മാത്രമേ ഇന്നത്തെ സങ്കീർണ്ണമായ സാഹചര്യത്തിൽ പരിഹാര മാകയുള്ളു. അതിന് സഹായകരമായ മാർഗ്ഗങ്ങൾ തേടുവാൻ നമുക്ക് ബാധ്യതയുണ്ട്.

മലങ്കര സുറിയാനി കത്തോലിക്കാ സഭാദ്ധ്യക്ഷനായി എനിക്ക് നിയോഗം ലഭിച്ച് തിരുവനന്തപുരത്ത് എത്തിയതു മുതൽ ഈ പ്രദേശത്ത് നമ്മുടെ ഒരു ധ്യാനകേന്ദ്രം ഉണ്ടാകണമെന്നത് എന്റെ മനസ്സിലെ തീവ്രമായ ഒരാഗ്രഹമായിരുന്നു. ബഹു. വൈദികരുമായും അത്മായ പ്രേഷിതരുമായും ഈ വിഷയം ഞാൻ പങ്കുവച്ചിട്ടുള്ളതുമാണ്. നമ്മുടെ വിശ്വാസികളും ഇതര സഭാംഗങ്ങളുമായ പലരും ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ദൈവനടത്തിപ്പിനുവേണ്ടി കാത്തിരിക്കുമ്പോൾ 2007 ഏപ്രിൽ മാസം ആദ്യ ശനിയാഴ്ച ദൈവിക പദ്ധതിയിൽ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ബഹു. ദാനിയേൽ പൂവണ്ണത്തിലച്ചന്റെ നേതൃത്വ ത്തിൽ ഒരു സായാഹ്ന ധ്യാനം ആരംഭിച്ചു. ഈ ശുശ്രൂഷയ്ക്ക് പിൻബലം നല്കാൻ ചൊവ്വാഴ്ചകളിൽ ഒന്നര മണിക്കൂർ നീണ്ടു നില്ക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനയും ആരംഭിച്ചു. ഇതിന് ഞാൻ പൂർണ്ണമായ പിന്തുണ നൽകി പ്രോൽസാഹിപ്പിച്ചു. സഭാവ്യത്യാസമില്ലാതെ അനേകർ ഈ ശുശ്രൂഷകളുടെ ഭാഗമാകുവാൻ ഇടയായി. ദൈവം ഈ ശുശ്രൂഷകളെ വളർത്തി. 2011 സെപ്റ്റംബർ 21 മുതൽ 23 വരെ നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ളിയിൽ സഭയ്ക്ക് ഒരു ധ്യാനകേന്ദ്രം ആവശ്യമാണെന്ന നിർദ്ദേശം ഉയർന്നു വന്നത് ദൈവിക പദ്ധതിയുടെ സ്ഥിരീകരണമായി. പട്ടം കബർ ചാപ്പലിൽ ആരംഭിച്ച മാസത്തിലെ രണ്ടാം വെള്ളിയാഴ്ചയിലെ നൈറ്റ് വിജിൽ ഈ പദ്ധതി നിർവഹണത്തിൽ നാഴികക്കല്ലായി.

ധ്യാനകേന്ദ്രം ലക്ഷ്യമാക്കിയുള്ള പ്രാർത്ഥനയും പരിശ്രമവും തീവ്രമാക്കി. തലസ്ഥാന നഗരിയിൽ ഒരു ധ്യാനകേന്ദ്രം എന്ന ലക്ഷ്യ ത്തോടെ തിരുവനന്തപുരം ജില്ലയിലെ 30 ലക്ഷം ജനങ്ങളെയും കേന്ദ്രീ കരിച്ചുള്ള പ്രത്യേക പ്രാർത്ഥന ആരംഭിച്ചു. ജാഗരണ പ്രാർത്ഥനകൾ പതിവായി നടന്നുവരുന്നു.

യുവജനങ്ങളുടെ ഇടയിലെ ക്യാമ്പസ് മിനിസ്ട്രി, മദ്യപാനി കൾക്കുവേണ്ടിയുള്ള ഡി-അഡിക്ഷൻ മിനിസ്ട്രി, ശുശ്രൂഷകർക്കു വേണ്ടിയുള്ള പരിശീലനങ്ങൾ, വചനപ്രഘോഷണങ്ങൾ, മദ്ധ്യസ്ഥ

പ്രാർത്ഥന ഇവയെ ഏകോപിപ്പിച്ചുകൊണ്ട് കാർമ്മൽ കാത്തലിക് മിനിസ്ട്രീസ് എന്ന പേരിൽ ഒരു കൂട്ടായ്മ ദൈവം രൂപപ്പെടുത്തി. മാർ ബസേലിയോസ് എൻജിനീയറിംഗ് കോളേജ് ചാപ്പലിൽ തിരുവനന്തപുരത്ത് ഒരു ധ്യാനകേന്ദ്രം എന്ന ലക്ഷ്യത്തിനുവേണ്ടി 500 ദിവസത്തോളം മുടങ്ങാതെ സായാഹ്നങ്ങളിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി.

വേറ്റിനാട് സെന്റ് ജൂഡ് എസ്റ്റേറ്റിലെ വേർതിരിച്ച ഒരു സ്ഥലം ധ്യാനകേന്ദ്രത്തിനായി ദൈവം തിരഞ്ഞെടുത്തിരിക്കുന്നു എന്ന് ബോധ്യപ്പെട്ടതോടെ ആ സ്ഥലത്ത് 2016-ൽ പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനകൾ ആരംഭിച്ചു. 2017 ഏപ്രിൽ 1-ന് ധ്യാനകേന്ദ്രത്തിന്റെ ശിലാസ്ഥാപനം നടന്നു. മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ എന്ന് പേരും നല്കി.

വിവിധ ഘട്ടങ്ങളിലായി ഈ സെന്ററിന്റെ പണി പൂർത്തിയാക്കാനാണ് നമ്മൾ ആഗ്രഹിക്കുന്നത്. വലിയ ഒരു ആത്മീയ കേന്ദ്രമായി ഇതിനെ വളർത്തിയെടുക്കുകയാണ് നമ്മുടെ ലക്ഷ്യം. ആദ്യഘട്ടത്തിൽ എല്ലാ ശനിയാഴ്ചകളിലും ഏകദിന ധ്യാനവും, മാസത്തിൽ ഒരു ദിവസം അഖണ്ഡ ജപമാലയും ജപമാല പ്രദക്ഷിണവും ഉണ്ടായിരിക്കും. ഈ ഘട്ടത്തിൽത്തന്നെ മാതാപിതാക്കൾ, യുവജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, പ്രൊഫഷണൽസ് എന്നീ വിവിധ വിഭാഗങ്ങൾക്കായി ധ്യാനപരിപാടികളും പരിശീലനപദ്ധതികളും ആരംഭിക്കും. ഇവിടെ നടക്കുന്ന വിവിധ ശുശ്രൂഷകളെ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാവരേയും യഥാസമയം അറിയിക്കുന്നതാണ്. ബൈബിൾ ഗ്രാമം, ജപമാല ഗ്രാമം, വി. കുരിശിന്റെ വഴിയിലെ 14 സ്ഥലങ്ങൾ, വിശുദ്ധരുടെ കൂടാരങ്ങൾ ഇങ്ങനെ അനേക കാര്യങ്ങൾ ഘട്ടംഘട്ടമായി ക്രമീകരിക്കേണ്ടതായിട്ടുണ്ട്. ബഹു. വൈദികരുടെയും സമർപ്പിതരുടെയും ഇടവകകളുടെയും കുടുംബങ്ങളുടെയും പ്രത്യേക പ്രാർത്ഥനകൾ ഇക്കാര്യത്തിൽ ഏറെ ഉണ്ടാകണമെന്ന് ഞാൻ താൽപര്യപ്പെടുന്നു. നിർമ്മാണ പ്രവർത്തനങ്ങളിലും ക്രമീകരണങ്ങളിലും സാമ്പത്തികമായി സഹായിക്കുവാൻ

കഴിയുന്ന ഏവരും ഔദാര്യത്തോടെ സഹകരി ക്കണമെന്ന് സ്നേഹ ത്തോടെ ഞാൻ ഓർമ്മപ്പെടുത്തട്ടെ!

കാർമ്മൽ കാത്തലിക് മിനിസ്ട്രീസിന്റെയും ധ്യാന കേന്ദ്രത്തിന്റെയും ഡയറക്ടറായി ബഹുമാനപ്പെട്ട ദാനിയേൽ പൂവണ്ണത്തിലച്ചനെയും ധ്യാനകേന്ദ്രത്തിന്റെ അഡ്മിനിസ്ട്രേറ്റ റായി ബഹുമാനപ്പെട്ട വിൽസൺ തട്ടാരുതുണ്ടിലച്ചനെയും ഞാൻ നിയമിച്ചിരിക്കുന്ന വിവരം ഏവരെയും സന്തോഷത്തോടെ അറിയിക്കുന്നു.

ദൈവിക പദ്ധതിയനുസരിച്ച് കഴിഞ്ഞ 10 വർഷംകൊണ്ടു രൂപപ്പെട്ടുവന്നതാണു കാർമ്മൽ കാത്തലിക് മിനിസ്ട്രി. ഈ മിനിസ്ട്രിയുടെയും ധ്യാനകേന്ദ്രത്തിന്റെയും പ്രവർത്തനങ്ങൾക്കു ആവശ്യമായ സംവിധാനങ്ങൾ ക്രമീകൃതമായികൊണ്ടിരിക്കുകയാണ്. അത്ഭുതകരമായ ദൈവീക പരിപാലനയിലാണ് ഈ ശുശ്രൂഷ രൂപ പ്പെട്ടിട്ടുള്ളത്. അനുഗ്രഹീത വചനപ്രഘോഷകനായ ബഹു. ദാനിയേൽ പൂവണ്ണത്തിലച്ചന്റെ നേതൃത്വത്തിൽ ധ്യാന ടീം രൂപപ്പെട്ടു കഴിഞ്ഞി ട്ടുണ്ട്. സഭാംഗങ്ങൾ എല്ലാവരുടേയും പ്രോത്സാഹനവും തീക്ഷ്ണ മായ പ്രാർത്ഥനയും ഞാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ ചിരകാല സ്വപ്നമായിരുന്ന ധ്യാനമന്ദിരത്തിന്റെ ഒന്നാം ഘട്ടത്തിലെ ശുശ്രൂഷകൾക്കു ആവശ്യമായിരിക്കുന്ന കെട്ടിട ങ്ങളുടെ പണിപൂർത്തിയായിവരുന്നു. **2018 ഏപ്രിൽ 8-ാം തീയതി പുതു ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30-ന് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ കൂദാശ** ചെയ്തുകൊണ്ട് അവിടെ ശുശ്രൂഷകൾ ആരംഭിക്കുക യാണ്. അനുഗ്രഹീതമായ ഈ ചരിത്രമുഹൂർത്തത്തിൽ എല്ലാവരു ടെയും സാന്നിദ്ധ്യം ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ ഭവനം അസാധാരണമായ ദൈവീക ഇടപെടലിന്റെയും അഭിഷേക ത്തിന്റെയും ഇടമായിത്തീരുവാൻ നമുക്ക് തീവ്രമായി പ്രാർത്ഥിക്കാം. ഈ ശുശ്രൂഷാ ശൃഖലയിൽ സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂ ടെയും നമുക്ക് പങ്കാളികളാകാം. ഈ ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷ കളുടെ നന്മകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ നമുക്ക് പരിശ്രമിക്കാം. തലമുറകൾക്ക് ദൈവരാജ്യാനുഭവം നൽകുന്ന

പുണ്യഭവനമായി മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം വളർന്നുവരട്ടെ യെന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. ഇവിടുത്തെ ശുശ്രൂഷകളുടെ നന്മകൾ പരമാവധി പ്രയോജനപ്പെടുത്താൻ നമുക്ക് പരിശ്രമിക്കാം.

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹി ക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
തിരുവനന്തപുരം മേജർ അതിരൂപതയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

NB: കാർമ്മൽ ധ്യാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **2018 ഏപ്രിൽ 13,14,15 തീയതികളിൽ മരിയൻ എക്സിബിഷനും മരിയൻ കൺവെൻഷനും** പട്ടം സെന്റ് മേരീസ് സ്കൂളിൽ രാവിലെ 9 മുതൽ രാത്രി 8 മണിവരെ നടത്ത പ്പെടുന്നതാണ്.

മദ്ധ്യസ്ഥ പ്രാർത്ഥന, അഖണ്ഡ ജപമാല പ്രാർത്ഥന, ജപമാല പ്രദക്ഷിണം മുതലായ ശുശ്രൂഷകൾക്ക് അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ, അഭിവന്ദ്യ ആർച്ചുബിഷപ്പ് സൂസൈപാക്യം, അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി, അഭിവന്ദ്യ ഐസക് മാർ ഒസ്താത്തിയോസ് തിരുമേനി, ബഹു. ഷാജി തുമ്പേച്ചിറയിൽ അച്ചൻ തുടങ്ങിയവർ നേതൃത്വം നൽകുന്നതാണ്.

---

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ട താണ്.*

# സഭാ വാർത്തകൾ

## യുവജനവർഷാചരണം

മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ 2018 മാർച്ച് 25 മുതൽ 2019 മാർച്ച് 25 വരെ യുവജനവർഷമായി സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി പ്രഖ്യാപിച്ചു. 2018 ഒക്ടോബർ മാസം റോമിൽ വച്ചു നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ ചിന്താവിഷയം ''യുവജനം, വിശ്വാസം, വിളിസംബന്ധമായ വിവേചിച്ചറിയൽ" എന്നതാണ്. 2018 മാർച്ച് 19 മുതൽ 25 വരെ റോമിൽ വച്ച് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ വിളിച്ചുചേർത്ത യുവജന സമ്മേളനത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഔദ്യോഗിക പ്രതിനിധിയായി എം.സി.വൈ.എം. സഭാതല പ്രസിഡന്റ് ശ്രീ. റ്റിനു കുര്യാക്കോസ് സംബന്ധിച്ചു. യുവജനവർഷം ആരംഭിച്ച 2018 മാർച്ച് 25-ന് സഭയുടെ ആസ്ഥാന ദൈവാലയമായ പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി എം.സി.വൈ.എം. പതാക ഉയർത്തി ക്കൊണ്ട് യുവജനവർഷാചരണത്തിന് ഔദ്യോഗികമായി തുടക്കം കുറിച്ചു. ഭദ്രാസനങ്ങളിൽ അഭിവന്ദ്യരായ മെത്രാപ്പോലീത്താമാർ എം.സി.വൈ.എം. പതാക ഉയർത്തി. ജില്ലാകേന്ദ്രങ്ങളിലും ഇടവക കളിലും എം.സി.വൈ.എം. പതാക ഉയർത്തുകയും യുവജനവർഷാ ചരണത്തോടനുബന്ധിച്ചുള്ള പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു.

## ജുഡീഷ്യൽ വികാരിമാരുടെ സമ്മേളനം

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ജുഡീഷ്യൽ വികാരിമാരുടെ സമ്മേളനം 2018 മാർച്ച് 14, 15 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. മാവേലിക്കര ഭദ്രാസനാ ദ്ധ്യക്ഷനും സി.ബി.സി.ഐ. വൈസ് പ്രസിഡന്റുമായ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി സമ്മേളനം ഉദ്ഘാടനം

ചെയ്തു. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയാമെത്രാൻ അഭിവന്ദ്യ യൂഹോനോൻ മാർ തെയഡോഷ്യസ് തിരുമേനി പ്രഭാഷണം നടത്തി. വിവാഹ കേസുകൾ, ഭരണപരമായ നടപടികൾ, സഭാ കോടതിയുടെ പ്രവർത്തനങ്ങൾ മറ്റ് നിയമപരമായ വസ്തുതകൾ എന്നിവ ചർച്ച ചെയ്തു. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ഓർഡിനറി ട്രൈബ്യൂണലിന്റെ പ്രസിഡന്റ് വെരി റവ. ഡോ. വർഗീസ് മനക്കലേട്ട് സമ്മേളനത്തിന് നേതൃത്വം നൽകി.

## യുവജന കമ്മീഷന്റെ ഭദ്രാസനതല ഡയറക്ടർമാരുടെ മീറ്റിംഗ്

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ യുവജന കമ്മീഷന്റെ നേതൃത്വത്തിൽ ഭദ്രാസനതല ഡയറക്ടർമാരുടെ മീറ്റിംഗ് 2018 മാർച്ച് 10-ന് പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് തിരുമേനി മീറ്റിംഗിന് അദ്ധ്യക്ഷം വഹിച്ചു. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രഖ്യാപന മനുസരിച്ച് 2018 മാർച്ച് 25 മുതൽ 2019 മാർച്ച് 25 വരെ യുവജന വർഷം ആചരിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത മീറ്റിംഗ് സംഘടിപ്പിച്ചത്.

## അപ്പസ്തോലിക് വിസിറ്റേറ്ററുടെ പ്രഥമ ഇടയസന്ദർശനം

മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയാ ബിഷപ്പും ഓഷ്യാനിയാ-യൂറോപ്പിന്റെ അപ്പസ്തോലിക് വിസിറ്റേറ്ററുമായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി 2018 മാർച്ച് 1 മുതൽ 13 വരെ ഓഷ്യാനിയായിൽ ഇടയസന്ദർശനം നടത്തി. 2017 സെപ്തംബർ മാസം അഭിഷിക്തനായ തിരുമേനിയുടെ ആദ്യത്തെ ഇടയസന്ദർശനമാണിത്. 2013-ൽ ഓസ്ട്രേലിയാ, ന്യൂസിലാന്റ് രാജ്യങ്ങളിലെ വിവിധ സ്ഥലങ്ങളിലായി ആരംഭിച്ച മിഷൻ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് അപ്പസ്തോലിക് വിസിറ്റേറ്ററുടെ നിയമനം.

## ചാപ്പൽ മൂറോൻ കൂദാശ

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആസ്ഥാന കാര്യാലയമായ പട്ടം തിരുസന്നിധി അരമനയിൽ പുതുതായി മഹാനായ വി. ബസേലിയോസിന്റെ നാമധേയത്വത്തിൽ പുനർ നിർമ്മിച്ച ചാപ്പലിന്റെ മൂറോൻ കൂദാശാകർമ്മം 2018 മാർച്ച് 6, 8 തീയതികളിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. മാർച്ച് 6-ന് മൂറോൻ കൂദാശാ കർമ്മത്തിന്റെ ഒന്നാം ഭാഗവും മാർച്ച് 8-ന് രണ്ടാം ഭാഗവും നടന്നു. മലങ്കര സഭയുടെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പും മറ്റ് വിശുദ്ധരുടെ തിരു ശേഷിപ്പും പുതുതായി കൂദാശ ചെയ്ത ചാപ്പലിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രതിഷ്ഠിച്ചു. മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി സഹകാർമ്മികനായിരുന്നു.

## ബഹു. വൈദികരുടെ നോമ്പുകാലധ്യാനം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികർക്കായി ഒരു ഏകദിന നോമ്പുകാലധ്യാനം 2018 മാർച്ച് 8-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്നു. ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ തിരുമേനി ധ്യാനം നയിച്ചു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി സമാപനസന്ദേശം നൽകി. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി, മേജർ അതിഭദ്രാസന വികാരി ജനറൽമാരായ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ, റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത്, ബഹു. വൈദികർ എന്നിവർ സംബന്ധിച്ചു.

## ദൈവാലയ കൂദാശ - കറവൂർ

പുനലൂർ വൈദികജില്ലയിലെ കറവൂർ സെന്റ് മേരീസ് മലങ്കര സുറിയാനി ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിച്ച

ദൈവാലയത്തിന്റെ കൂദാശാകർമ്മം 2018 മാർച്ച് 3-ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ദൈവാലയകൂദാശയ്ക്ക് മുന്നോടിയായി പരി. ദൈവ മാതാവിന്റെ നാമത്തിൽ നിർമ്മിച്ച കുരിശ്ശടി, പിയാത്താ, കൊടിമരം, കൽക്കുരിശ്, മണിമാളികയോട് ചേർന്ന കുരിശ്ശടി എന്നിവയുടെ കൂദാശാകർമ്മവും നടന്നു. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി സഹകാർമ്മികനായിരുന്നു. ഇടവക വികാരി റവ. ഫാ. തോമസ് കുറ്റിയിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷം

തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായ റവ. ഡോ. ആന്നിയിൽ തരകന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷം 2018 ഫെബ്രുവരി 17-ന് അദ്ദേഹത്തിന്റെ മാതൃ ഇടവകയായ കറ്റാനം സെന്റ് സ്റ്റീഫൻസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ നടന്നു. 2018 ഫെബ്രുവരി 17-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ജൂബിലേറിയൻ വി. കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന അനുമോദന യോഗത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ തിരുമേനി അധ്യക്ഷപദവി അലങ്കരിച്ചു. പ്രസിദ്ധ സാഹിത്യകാരൻ കൂടിയായ റവ. ഡോ. തരകൻ അർപ്പണബുദ്ധിയുള്ള അധ്യാപകനും വൈദികനും ഗ്രന്ഥകർത്താവും സാഹിത്യകാരനുമാണെന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി തന്റെ സന്ദേശത്തിൽ എടുത്തു പറയുകയുണ്ടായി. ആലപ്പുഴ രൂപതയുടെ അധ്യക്ഷൻ അഭിവന്ദ്യ ഡോ. സ്റ്റീഫൻ അത്തിപ്പുഴയിൽ തിരുമേനി ഉദ്ഘാടനപ്രസംഗവും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി മുഖ്യപ്രഭാഷണവും നടത്തി. അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് തിരുമേനിയും യൂഹാനോൻ മാർ തെയോഡോഷ്യസ് തിരുമേനിയും അനുഗ്രഹ പ്രസംഗങ്ങളും ചെയ്യുകയുണ്ടായി. കറ്റാനം ഇടവകയെ പ്രതിനിധീകരിച്ച് അഡ്വ. തോമസ് എം. മാത്തുണ്ണി ആശംസപ്രസംഗവും ചെയ്തു. കറ്റാനം സെന്റ് സ്റ്റീഫൻസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയ വികാരി വന്ദ്യ ജോർജ്ജ് ചരുവിള കോർ എപ്പിസ്കോപ്പാ സ്വാഗതവും ശ്രീ. മാത്യു ഉമ്മൻ നന്ദിപ്രകടനവും നടത്തി.

റവ. ഡോ. ആന്നിയിൽ തരകൻ പന്ത്രണ്ട് ഗ്രന്ഥങ്ങളുടെ രചയിതാവാണ്. ഇംഗ്ലീഷിൽ കവിതയെഴുതുന്ന ഏക ഇന്ത്യാക്കാരൻ വൈദികനായ ഡോ. തരകന്റെ ക്വസ്റ്റർ ബൈ ദ റിവർ (Quester by the River) എന്ന കാവ്യസാമഹാരം പ്രസിദ്ധ സാഹിത്യകാരനായ ഡോം മൊറയാസിന്റെ അവതാരികയോടുകൂടി 1997-ൽ നോത്രദാമിലെ ക്രോസ് കൾച്ചറൽ പ്രസിദ്ധികരണശാല പുറത്തിറക്കുകയുണ്ടായി. ഡി.സി.ബുക്സ് പ്രസിദ്ധികരിച്ച "ഭാരതീയ ദർശനം ഇംഗ്ലീഷ് കവിതയിൽ" എന്ന സാഹിത്യ കൃതിക്ക് 2011-ലെ ജി. എൻ. പിള്ള എൻഡോവ്മെന്റ് കേരള സാഹിത്യ അക്കാദമി അവാർഡ് കരസ്ഥമാക്കി. 2008-ൽ ദ് കാന്റിക്കിൾ ഓഫ് ദ ബിലവഡ് (The Canticle of the Beloved) എന്ന കാവ്യസമാഹാരത്തിന് ആത്മവിദ്യാ അവാർഡും, 2015-ൽ കത്തോലിക്കാ മെത്രാൻമാർ നൽകുന്ന ഗുരുപൂജ അവാർഡും ഫാ. തരകന് ലഭിക്കുകയുണ്ടായി. 2016-ൽ ഡൽഹിയിലെ കോസ്മോ പ്രസിദ്ധികരണശാല പുറത്തിറക്കിയ 488-പേജുകളുള്ള ഡോ. തരകന്റെ 'The Sacred Feminine in Indian Thought' എന്ന ഗ്രന്ഥം ഈ വിഷയത്തിൽ ഇദംപ്രഥമമായി രചിക്കപ്പെട്ട ഗ്രന്ഥമായി കരുതപ്പെടുന്നു.

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ പരേതരായ വൈദികർക്കുവേണ്ടി വി. കുർബാന അർപ്പിക്കുന്ന ഒരു പാരമ്പര്യം നമുക്കുണ്ടല്ലോ. ഈ കഴിഞ്ഞ കാലയളവിൽ പരേതരായ റൈറ്റ് റവ. സാമുവൽ മണ്ണിൽ റമ്പാൻ, റവ. ഫാ. മാത്യു കടകംപള്ളിൽ, റവ. ഫാ. കോശി അയ്യനേത്ത് എന്നീ ബഹു. വൈദികർക്കുവേണ്ടി തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികർ ഓരോ വി. കുർബാന വീതം അർപ്പിക്കേണ്ടതാണ്.

- ചാൻസിലർ

# മേജർ അതിഭദ്രാസനാ ഫിനാൻസ് ഓഫീസിൽ നിന്നുള്ള അറിയിപ്പ്

## വാർഷിക തെരട്ട്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ഇടവകകളിൽ നിന്നുള്ള 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിക്കുന്നതിനും തെരട്ട് സ്വീകരിക്കുന്നതിനുമുള്ള ക്രമീകരണം താഴെ കൊടുത്തിരിക്കുന്ന സ്ഥലങ്ങളിലും തീയതികളിലുമായി നടത്തിയിരിക്കുന്നു. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2.00 വരെ വാർഷിക തെരട്ട് സ്വീകരിക്കുന്നതാണ്. എല്ലാ ഇടവകകളും കണക്ക് External Auditor-നെ കൊണ്ട് ഓഡിറ്റ് ചെയത് ഇടവക പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കി അരമന തെരട്ട് ഫോമിലും കൂടി എഴുതി വേണം കണക്ക് കൊണ്ടുവരുവാൻ. ഈ സൗകര്യം എല്ലാ ഇടവകകളും നിർബന്ധമായും പ്രയോജനപ്പെടുത്തേണ്ടതാണ്.

| വൈദികജില്ല | തീയതി | സ്ഥലം |
|---|---|---|
| തിരുവനന്തപുരം | മെയ് 7 | അരമന |
| അടൂർ, കൊട്ടാരക്കര | മെയ് 8 | കിഴക്കേത്തെരുവ് |
| കിളിമാനൂർ | മെയ് 9 | അരമന |
| പുനലൂർ | മെയ് 10 | പുനലൂർ |
| കഴക്കൂട്ടം | മെയ് 11 | അരമന |
| ആയൂർ | മെയ് 14 | ആയൂർ |
| നെടുമങ്ങാട് | മെയ് 15 | അരമന |
| അഞ്ചൽ | മെയ് 16 | അഞ്ചൽ |

1. ഇടവകയിലെ 2017-18 സാമ്പത്തിക വർഷത്തെ ട്രസ്റ്റിയും സെക്രട്ടറിയുമാണ് വാർഷിക കണക്ക് കൊണ്ടുവരേണ്ടത്.
2. വസ്തുവിന്റെ കരം അടച്ച രസീത് വാർഷിക കണക്കിനോടൊപ്പം കൊണ്ടുവരേണ്ടതാണ്.
3. കഴിഞ്ഞ സാമ്പത്തിക വർഷം നൽകിയ തെരട്ടിന്റെ തുടർച്ചയായിട്ടായിരിക്കണം ഈ വർഷത്തെ കണക്ക് എഴുതേണ്ടത്.

അതായത് കഴിഞ്ഞ വർഷത്തെ ക്ലോസിംഗ് ബാലൻസ് ഈ വർഷത്തെ ഓപ്പണിംഗ് ബാലൻസായി ചേർത്ത് ഈ വർഷത്തെ കണക്കെഴുതേണ്ടതാണ്.

5. ഇടവകയിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ, അഥവാ തുക ശേഖരിച്ചിട്ടുണ്ടെങ്കിൽ ഈ വർഷത്തെ വാർഷിക കണക്കിൽ അവ ചേർക്കേണ്ടതാണ്.

6. ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന തുക, സ്ഥിര നിക്ഷേപം, ലോൺ ഇവ കണക്കിൽ ചേർക്കേണ്ടതാണ്.

7. കഴിഞ്ഞ സാമ്പത്തിക വർഷത്തെ തെരട്ടിൽ ബാലൻസ് തുക അടയ്ക്കാനുണ്ടെങ്കിൽ ഈ വർഷം കണക്കിനോടെപ്പം അരമനയിൽ അടയ്ക്കേണ്ടതാണ്.

8. കണക്ക് ഓഡിറ്റ് ചെയ്ത് അരമനയിൽ തെരട്ട് നൽകിയതിനു ശേഷം മാത്രമേ ഇടവകയിലെ പുതിയ സാമ്പത്തിക വർഷത്തിലേക്ക് തിരഞ്ഞെടുത്തിരിക്കുന്ന കമ്മിറ്റി അംഗങ്ങളുടെ ലിസ്റ്റ് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അംഗീകരിച്ച് നൽകുകയുള്ളൂ. അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ അംഗീകാരമില്ലാതെ പുതിയ കമ്മിറ്റി അംഗങ്ങളെ സത്യപ്രതിജ്ഞ ചെയ്യിക്കാൻ പാടില്ലാത്തതാണ്.

9. ജില്ലയ്ക്ക് നൽകിയിരിക്കുന്ന ദിവസം തന്നെ എല്ലാ ഇടവകകളും കണക്ക് നൽകി തെരട്ട് അടയ്ക്കണമെന്ന് താൽപര്യപ്പെടുന്നു.

10. മേജർ അതിഭദ്രാസനത്തിന്റെ പുതിയ പാൻ കാർഡ് നമ്പർ (AAETA 7933Q) നമ്മുടെ എല്ലാ ഇടവകകളുടെയും അക്കൗണ്ടിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മറ്റ് പാൻ കാർഡ് നമ്പറുകൾ അറ്റാച്ച് ചെയ്തിട്ടുണ്ടെങ്കിൽ അത് നിർബന്ധമായും മാറ്റേണ്ടതാണ്.

11. 2017-18 സാമ്പത്തികവർഷത്തിൽ ഉണ്ടായിരുന്ന എല്ലാ ഫിക്സഡ് ഡെപ്പോസിറ്റിന്റെയും സ്റ്റേറ്റ്മെന്റും 16A ഫോമും തെരട്ട് അടയ്ക്കാൻ വരുന്ന ദിവസം ബാങ്കിൽനിന്ന് വാങ്ങിക്കൊണ്ട് വരേണ്ടതാണ്.

- ഫാ. തോമസ് കയ്യാലയ്ക്കൽ<br>ഫിനാൻസ് ഓഫീസർ

# വിശ്വാസപരിശീലന കാര്യാലയം

## എം.ബി.ഒ.സി. (ക്രേദോ 2018)

ഈ വർഷത്തെ എം.ബി.ഒ.സി. ടെസ്റ്റ് ബുക്കും ബാഡ്ജും ഇടവകകൾ അറിയിച്ചിട്ടുള്ളതനുസരിച്ച് ജില്ലാ കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഉത്തരവാദിത്തപ്പെട്ടവർ അവിടെ നിന്നും കൈപ്പറ്റാൻ ശ്രദ്ധിക്കണം.

## എം.ബി.ഒ.സി. ലീഡേഴ്സിന്റെ പരിശീലനം

'പൗരോഹിത്യ കൂദാശയിൽ ഞാൻ വിശ്വസിക്കുന്നു' എന്ന ആപ്തവാക്യമനുസരിച്ച് ഓരോ ഇടവകയിലും എം.ബി.ഒ.സി. നടത്തുന്നതിനായി ബഹു. വൈദിക വിദ്യാർത്ഥികൾക്കും ബഹു. സിസ്റ്റേഴ്സിനും കേന്ദ്രകാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ 2018 മാർച്ച് 17-ാം തീയതി സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ബഹു. ഡയറക്ടർ ഫാ. ഡാനിയേൽ കുളങ്ങര, ബഹു. ഡോ. ജോൺ പടിപ്പുരയ്ക്കൽ, ബഹു. ജോർജ്ജ് മേച്ചേരിമുകളിൽ അച്ചൻ, ബഹു. സി. സുനിത എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## പരീക്ഷകൾ

രണ്ടാം സെമസ്റ്റർ പരീക്ഷ - 08-04-2018 (ഞായർ)<br>
സമയം - 2.00 pm - 4.00 pm<br>
സ്ഥലം - അതാത് ഇടവകകൾ

X, XII ക്ലാസ്സുകളിലെ വാർഷിക, മത്സരപരീക്ഷ<br>
- 2018 ഏപ്രിൽ 29 (ഞായർ)<br>
സമയം - 2.00 pm - 4.30 pm<br>
സ്ഥലം - (അതാത് ജില്ലാ കേന്ദ്രങ്ങൾ)

**ഹാൾടിക്കറ്റ്**

- ♦ X, XII ക്ലാസ്സുകളിൽ പരീക്ഷക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്കുള്ള ഹാൾടിക്കറ്റ് രണ്ടാം സെമസ്റ്റർ ചോദ്യപേപ്പറിനോടൊപ്പം ഇടവകകളിൽ എത്തിച്ചിട്ടുണ്ട്. കുട്ടികൾ, ഉത്തരകടലാസിൽ നിശ്ചിതസ്ഥലത്ത് രജിസ്റ്റർ നമ്പർ കൃത്യമായും എഴുതിയിരിക്കണം.
- ♦ ഉത്തരക്കടലാസിനോടൊപ്പം ഡയറിയും സമർപ്പിക്കണം.

# ദൈവവിളി ക്യാമ്പ്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ആൺകുട്ടികൾക്കായി ദൈവവിളി ക്യാമ്പുകൾ വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. 9–ാം ക്ലാസ്സ് മുതൽ പഠിക്കുന്ന ആൺകുട്ടികളെ ഈ ക്യാമ്പിലേക്ക് അയയ്ക്കാൻ ശ്രദ്ധിക്കണമേ. ക്യാമ്പ് രാവിലെ 9.00-ന് ആരംഭിച്ച് ഉച്ചയോടുകൂടി തീരുന്നതാണ്. അൾത്താര ബാലന്മാർക്കുള്ള പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങളും ഈ ക്യാമ്പിൽ നൽകുന്നതാണ്. ക്യാമ്പിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | വൈദികജില്ല | ക്യാമ്പ് നടത്തുന്ന സ്ഥലം |
|---|---|---|
| 1) 03.04.2018 തിങ്കൾ, 3.00 pm | അടൂർ | തിരുഹൃദയ മലങ്കര കത്തോലിക്കാ ദൈവാലയം, അടൂർ |
| 2) 03.04.2018 ചൊവ്വ | കൊട്ടാരക്കര | മലങ്കര കത്തോലിക്കാ ദൈവാലയം, കിഴക്കേത്തെരുവ് |
| 3) 04.04.2018 ബുധൻ | പുനലൂർ | മലങ്കര കത്തോലിക്കാ ദൈവാലയം, പുനലൂർ |
| 4) 05.04.2018 വ്യാഴം | അഞ്ചൽ, ആയൂർ | മലങ്കര കത്തോലിക്കാ ദൈവാലയം, അഞ്ചൽ |
| 5) 06.04.2018 വെള്ളി | കിളിമാനൂർ, നെടുമങ്ങാട്, കഴക്കൂട്ടം, തിരുവനന്തപുരം | സമന്വയ പാസ്റ്ററൽ സെന്റർ, പട്ടം |

# ദൈവവിളി ധ്യാനം

സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം നടത്തുവാൻ ആഗ്രഹിക്കുന്നവർക്കായുള്ള ദൈവവിളി ധ്യാനം 2018 ഏപ്രിൽ 22 ഞായർ വൈകുന്നേരം 4 മുതൽ ഏപ്രിൽ 25 ബുധൻ വൈകുന്നേരം 4 വരെ സെന്റ് അലോഷ്യസ് മൈനർ സെമിനാരി (കേശവദാസപുരം)യിൽ വെച്ച് നടത്തപ്പെടുന്നു. സത്സ്വഭാവികളും, പൗരോഹിത്യ വിളിയോട് ആഭിമുഖ്യ

മുള്ളവരും, 10-ാം ക്ലാസ്സോ അതിലുപരിയോ ആയ വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ആൺകുട്ടികളെ ഈ ധ്യാനത്തിലേക്ക് അയയ്ക്കാൻ ശ്രദ്ധിക്കണമേ. ഏപ്രിൽ 24-ാം തീയതി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ക്യാമ്പിൽ പങ്കെടുക്കുന്നവരെ വ്യക്തിപരമായി കണ്ട് ഇന്റർവ്യൂ നടത്തുന്നതാണ്.

***നിർദ്ദേശങ്ങൾ:-***

1. ധ്യാനത്തിൽ പങ്കെടുക്കുന്നവർ 2018 ഏപ്രിൽ 22-ാം തീയതി 4 മണിക്ക് മുൻപായി സെന്റ് അലോഷ്യസ് മൈനർ സെമിനാരി (കേശവദാസപുരം) യിൽ എത്തിച്ചേരേണ്ടതാണ്.
2. ധ്യാനത്തിൽ പങ്കെടുക്കുന്നവർ ബഹു.വികാരിയച്ചന്റെ കത്ത് കൊണ്ടുവരേണ്ടതാണ്.
3. ബൈബിൾ, പേന, നോട്ട്ബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്.

## വൈദികവസ്ത്രം സ്വീകരിച്ചു

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി വൈദികപരിശീലനം നടത്തുന്ന ബ്രദർ ചാമവിളയിൽ ആന്റണി, ബ്രദർ മണ്ണിക്കരോട്ട് തോമസ്, ബ്രദർ ചിറക്കരോട്ട് ജെയിംസ്, ബ്രദർ ചാലിൽ ജേക്കബ്, ബ്രദർ നിരപ്പുവിള സെബാസ്റ്റ്യൻ, ബ്രദർ കുറ്റിവിളയിൽ മാത്യു, ബ്രദർ തെക്കേടത്ത് അലോഷ്യസ് എന്നിവർ 2018 മാർച്ച് 10-ാം തീയതി തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയിൽനിന്നും പട്ടം തിരുസന്നിധി അരമനയിലെ സെന്റ് ബേസിൽ ചാപ്പലിൽവച്ച് വൈദികവസ്ത്രം സ്വീകരിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറൽമാരായ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ, റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത് എന്നിവർ സംബന്ധിച്ചു. ക്രമീകരണങ്ങൾക്ക് മൈനർ സെമിനാരി റെക്ടർ വെരി റവ. ഡോ. ജോൺ കുറ്റിയിൽ നേതൃത്വം നൽകി.

# പുതിയ മേജർ അതിഭദ്രാസനസമിതി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു

തിരുവനന്തപുരം മേജർ അതിഭദ്രാസന എം.സി.വൈ.എം സമിതിയുടെ 2018-2020 പ്രവർത്തനവർഷത്തെ ഭാരവാഹികൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുമ്പാകെ 2018 മാർച്ച് 6-ന് പട്ടം തിരുസന്നിധി അരമനയിൽവച്ച് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. ഡിജോ ഡാനിയൽ (പ്രസിഡന്റ്), ബിബിൻ ബാബു പുലിക്കളത്തിൽ (ജനറൽ സെക്രട്ടറി), അഗസ്റ്റിൻ ആർ. (ട്രഷറർ), ജിജു ജസ്റ്റിൻ, ഹെലൻ രാജ് (വൈസ് പ്രസിഡന്റുമാർ), നിഖിൽ ജാക്സൺ, രജ്ഞിത ആർ. ജെ. (സെക്രട്ടറിമാർ) എന്നിവരാണ് സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തത്. മേജർ അതിഭദ്രാസന വികാരി ജനറൽ റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത്, മേജർ അതിഭദ്രാസന എം.സി.വൈ.എം. ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് കിഴക്കേക്കര, അസി. ഡയറക്ടർ റവ. ഫാ. അരുൺ ഏറത്ത്, ആനിമേറ്റർ റവ. സി. നോബിൾ ഡി.എം. എന്നിവർ സംബന്ധിച്ചു.

## കർമ്മപദ്ധതി ഉദ്ഘാടനം

തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ 2018 പ്രവർത്തനവർഷത്തെ കർമ്മപദ്ധതി ഉദ്ഘാടനം 2018 മാർച്ച് 24 രാവിലെ 10.00-ന് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ നടന്ന ചടങ്ങിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. 'യുവജനം, വിശ്വാസം, വിളിസംബന്ധമായ വിവേചിച്ചറിയൽ' എന്ന ആപ്തവാക്യത്തിൽ അധിഷ്ഠിതമായ തീം പഠന സെമിനാറിന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന സിനഡൽ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി നേതൃത്വം നൽകി.

# മലങ്കര കാത്തലിക് അസോസിയേഷൻ

മലങ്കര കാത്തലിക് അസോസിയേഷൻ, തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ, മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ജില്ലാഭാരവാഹികളും ചേർന്ന് സംയുക്ത മീറ്റിംഗ് 2018 മാർച്ച് 11-ന് അടൂർ മലങ്കര സുറിയാനി കത്തോലിക്കാ തീർത്ഥാടക ദൈവാലയ ത്തിൽ മേജർ അതിഭദ്രാസന എം.സി.എ. ഡയറക്ടർ വെരി റവ. ഫാ. ഗീവർഗ്ഗീസ് നെടിയത്തിന്റെ നേതൃത്വത്തിൽ മേജർ അതിഭദ്രാസന പ്രസിഡന്റ് ശ്രീ. ക്രിസ്തുദാസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. എല്ലാ വൈദികജില്ലകളിലും നിന്നും പ്രാതിനിധ്യം ഉണ്ടായിരുന്നു. പ്രസ്തുത യോഗത്തിൽ വച്ച് താഴെപ്പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

## 1. കർമ്മപഥപ്രകാശനം

2018-ലെ കർമ്മപഥ പ്രകാശനം അഞ്ചൽ വൈദികജില്ലയുടെ ആഭിമുഖ്യത്തിൽ 7-4-18 ന് 2.30ന് നടക്കുന്ന വിവിധ സംഘടന കളുടെ സമ്മേളനത്തിൽ വച്ച് നടത്തപ്പെടുന്നു. എം.സി.എ. അതി ഭദ്രാസന മാനേജിംഗ് കമ്മിറ്റി അംഗങ്ങളും, ജില്ലാ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്.

## 2. Light 2018, കരിയർ ഗൈഡൻസ്:

ഉന്നത ഉപരിപഠന സാധ്യതകളെക്കുറിച്ചുള്ള അറിവിലേ ക്കായി 10, 11, 12 എന്നീ ക്ലാസുകളിൽ പഠിക്കുന്ന സമർത്ഥരായ കുട്ടികൾക്കായി 'ലൈറ്റ് 2018' എന്ന പേരിൽ ഇക്കൊല്ലത്തെ കരിയർ ഗൈഡൻസ് ക്ലാസ് 14-4-18 മുതൽ 18-4-18 വരെ തിരുവനന്തപുരം മേജർ അതിഭ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ നാലാഞ്ചിറ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ഇതിലേക്കായി ഓരോ വൈദിക ജില്ലകളിൽ നിന്നും സമർത്ഥരായ മൂന്നു കുട്ടികളെ തിര ഞ്ഞെടുത്ത് അവരുടെ പേരു വിവരം 5-4-18-ന് മുമ്പ് മേജർ അതി ഭദ്രാസന സമിതിയെ ഏല്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 500 രൂപ കുട്ടികളെ തെരഞ്ഞെടുക്കുന്നതിന് ചോദ്യാവലി തയ്യാറാക്കിയിട്ടുണ്ട്. ടെസ്റ്റിന്റെ ദിവസം അറിയിച്ചാൽ. ചോദ്യപേപ്പർ എത്തിക്കുന്നതായിരിക്കും.

### 3. ജില്ലാ സന്ദർശനം

മേജർ അതിഭദ്രാസന സമിതിയുടെ ഇക്കൊല്ലത്തെ വൈദികജില്ല സന്ദർശനം 7/4/18 മുതൽ 1/7/18 വരെയുള്ള ദിവസങ്ങളിൽ നടത്തുന്നു ഓരോ ജില്ലകളും സന്ദർശിക്കുന്ന തീയതിയും, സമയവും, സ്ഥലവും ഇതൊടൊപ്പം ചേർത്തിരിക്കുന്നു. പ്രസ്തുത ദിവസം ജില്ലയിലെ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും, യൂണിറ്റു ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്, ജില്ലകൾക്ക് നിർദ്ദേശിച്ചിരിക്കുന്ന ദിവസങ്ങൾക്ക് മുമ്പ് ജില്ലാ സമിതികൾ യൂണിറ്റുകൾ സന്ദർശിച്ച്, അംഗത്വം, യൂണിറ്റ് രൂപീകരണം എന്നിവ പൂർത്തിയാക്കി കോപ്പികൾ മേജർ അതിരൂപത സമിതിയെ ഏല്പിക്കേണ്ടതാണ്, കൂടാതെ ജില്ലകളിൽ ഓഫീസ് രേഖകൾ ഉണ്ടായിരിക്കേണ്ടതും, സന്ദർശനത്തിനായ് എത്തുന്നവരെ കാണിക്കേണ്ടതുമാണ്.

### സന്ദർശന സമയക്രമം

| ക്രമ നമ്പർ | വൈദിക ജില്ല | സ്ഥലം | തീയതി | സമയം |
|---|---|---|---|---|
| 1. | അഞ്ചൽ | അഞ്ചൽ ഇടവക | 07/04/2018 | 2.30 PM |
| 2. | നെടുമങ്ങാട് | ബഥനി ITC നെടുമങ്ങാട് | 13/05/2018 | 2.30 PM |
| 3. | അടൂർ | അടൂർ ഇടവക | 20/05/2018 | 2.30 PM |
| 4. | കൊട്ടാരക്കര | കിഴക്കേത്തെരുവ് ഇടവക | 27/05/2018 | 2.30 PM |
| 5. | ആയൂർ | ആയൂർ ഇടവക | 03/06/2018 | 2.30 PM |
| 6. | കഴക്കൂട്ടം | പോത്തൻകോട് ഇടവക | 10/06/2018 | 2.30 PM |
| 7. | കിളിമാനൂർ | പിരപ്പൻകോട് ഇടവക, മെഡിക്കൽ വില്ലേജ് | 17/06/2018 | 2.30 PM |
| 8. | തിരുവനന്തപുരം | നാലാഞ്ചിറ ഇടവക | 24/06/2018 | 2.30 PM |
| 9. | പുനലൂർ | പുനലൂർ ഇടവക | 01/07/2018 | 2.30 PM |

### 5. MCA ദിനാഘോഷം:-

എം.സി.എ. ഈ വർഷത്തെ ദിനാഘോഷം 6-5-2018-ന് അടൂർ വൈദികജില്ലയുടെ ആഭിമുഖ്യത്തിൽ തൊടുവക്കാട് ഇടവകയിൽ

രാവിലെ 9 മണിക്ക് വിശുദ്ധ കുർബാനയോടുകൂടി നടത്തപ്പെടുന്നു. എല്ലാ മേജർ അതിരൂപത മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ജില്ലാ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. വിശദവിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

## 6. ഉദ്യോഗസ്ഥ കൂട്ടായ്മ

തിരുവനന്തപുരം മേജർ അതിഭദ്രാസന എം.സി.എ യൂണിറ്റ് അംഗങ്ങൾ ഏർപ്പെട്ടിരിക്കുന്ന വിവിധ തൊഴിൽ മേഖലകൾ, അടിസ്ഥാനമാക്കി അവരെ സംഘടിപ്പിക്കുന്നതിനും, അവരുടെ ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിനും, അവരുടെ സേവനങ്ങൾ മേജർ അതിരൂപതയിൽ എല്ലാവർക്കും ലഭിക്കുന്നതിനും വേണ്ടി വിവിധ ഫാറങ്ങൾ രൂപീകരിക്കുകയും അതിന്റെ ചുമതല കമ്മറ്റി അംഗങ്ങളെ ഏല്പിക്കുകയും ചെയ്തു. വിവിധ ഫാറ ങ്ങളുടെയും ചുമതലക്കാരുടെയും പേര് വിവരം താഴെ ചേർത്തിരിക്കുന്നു.

| **ഫാറങ്ങൾ** | **ചുമതലയുള്ള അംഗങ്ങൾ** |
|---|---|
| a. ന്യൂനപക്ഷാക്ഷേമ ഫാറം | മാത്യു ഏഴക്കുളം, അടൂർ<br>കെ. റ്റി. തോമസ്, കണ്ണംപള്ളി, ആയൂർ<br>അനിൽകുമാർ, വെള്ളൂർക്കോണം, നെടുമങ്ങാട് |
| b. കർഷക കൂട്ടായ്മ | സന്തോഷ്, വെറ്റിനാട്, നെടുമങ്ങാട്<br>ചാൾസ്, കിളിമാനൂർ<br>പ്രിൻസി റ്റോം, അടൂർ |
| c. അഡ്വക്കേറ്റ് ഫാറം | അഡ്വ. ബിനോജോർജ്ജ്, അടൂർ<br>അഡ്വ: വത്സജോൺ, തിരുവനന്തപുരം |
| d. എം.സി.എ. സംരംഭ സമിതി | റജിമോൻ വർഗ്ഗീസ് - കൊട്ടാരക്കര<br>ജോജോ കെ. എബ്രഹാം - പുനലൂർ |
| e. ഉദ്യോഗസ്ഥ ഫാറം | മുരളിദാസ് - തിരുവനന്തപുരം<br>ജോയി തോമസ് - കിളിമാനൂർ |
| f. പെൻഷനേഴ്സ് ഫാറം | ബാബു ചെറുശ്ശേരി - കൊട്ടാരക്കര<br>വൈ. രാജു - കഴക്കൂട്ടം |
| g. പ്രവാസി ഫാറം | ഷാജി, വാളകം |
| h. അസംഘടിത തൊഴിലാളി ഫാറം | തോമസ് ചെറിയാൻ, തിരുവനന്തപുരം |

ഈ ഫാറങ്ങളിലേക്ക് അംഗങ്ങളെ ചേർക്കുന്നതിന് അവരെ സംഘടിപ്പിക്കുന്നതിനും മറ്റും ആവശ്യമായ ഫോർമാറ്റുകളും, നിർദ്ദേശങ്ങളും ജില്ലാ സമിതികൾ വഴി എത്തിക്കുന്നതായിരിക്കും.

ഈ സർക്കുലറിലെ കാര്യങ്ങൾ ജില്ലകൾ, യൂണിറ്റുകളിൽ അറിയിക്കേണ്ടതാണ്.

സ്നേഹാശംസകളോടെ

**മേജർ അതിഭദ്രാസന സമിതിക്കുവേണ്ടി**

വെരി റവ. ഫാ. ഗീവർഗ്ഗീസ് നെടിയത്ത്
ഡയറക്ടർ

ശ്രീമതി ജെസ്സി ദിലീപ്
ജനറൽ സെക്രട്ടറി

ശ്രീ. ജെ. ക്രിസ്തുദാസ്
പ്രസിഡന്റ്

ശ്രീ. റജിമോൻ വർഗ്ഗീസ്
ട്രഷറർ

## Major Archieparchial Tribunal News

| Prot.No. | Petitioner/Respondent | Decision | Date |
|---|---|---|---|
| MAET-354/17 | Molly D/ Raju L | Affirmative | 11/02/2018 |
| MAET-348/17 | Jijo Daniel/ Teena Thomas | Affirmative | 10/02/2018 |

## കുടുംബ പ്രേഷിത കാര്യാലയം

### വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2018 ഏപ്രിൽ 13, 14, 15 | – | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2018 മെയ് 11, 12, 137 | – | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

## വനിതാ കമ്മീഷൻ പ്രീ- മാരിറ്റൽ കൗൺസലിംഗ്

വനിതാ കമ്മീഷനുമായി സഹകരിച്ച് നടപ്പിലാക്കുന്ന വിവാഹ മുന്നൊരുക്ക പരിശീലന പരിപാടിയുടെ അവലോകനയോഗം മാർച്ച് 1-ാം തീയതി ശ്രോതസ്സിൽ വച്ചു നടന്നു. ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്ത്, രാജൻ എം. കാരക്കാട്ടിൽ, ഡിജു ഡാനിയേൽ, അജിൻ ജോൺ, സിസ്റ്റർ ലിസ്ബെത്ത് എന്നിവർ നേതൃത്വം നൽകി.

## സ്റ്റാഫ് മീറ്റിംഗ്

എം.എസ്സ്.എസ്സ്.എസ്സ്-ന്റെ സ്റ്റാഫ് മീറ്റിംഗ് മാർച്ച് 1-ാം തീയതി ഡയറ്ടർ ഫാ. തോമസ് മുകളുംപുറത്തിന്റ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. 2017, 2018 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതികൾ വിലയിരുത്തുകയും പുതിയ പദ്ധതികൾ കണ്ടെത്തേണ്ടതിന്റെ ആവശ്യകത അവതരിപ്പിക്കുകയും ചെയ്തു.

## വിവാഹ മുന്നൊരുക്ക കൗൺസലിംഗ് പരിപാടി - പെരുന്തൽമണ്ണ

വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിലുള്ള വിവാഹ മുന്നൊരുക്ക കൗൺസലിംഗ് പരിപാടി പെരുന്തൽമണ്ണയിൽ വച്ച് മാർച്ച് 3, 4 തീയതികളിൽ നടന്നു. ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്തിന്റ അദ്ധ്യക്ഷതയിൽ നടന്ന യോഗം വനിതാ കമ്മീഷണൽ അംഗം ശ്രീമതി ഇ.എം. രാധ ഉദ്ഘാടനം ചെയ്തു. പെരുന്തൽമണ്ണ മുൻസിപാലിറ്റി ചെയർപേഴ്സൺ ശ്രീമതി വിനുരാജ്, പ്രേമലത, രാജൻ എം. കാരക്കാട്ടിൽ, ഡിജു ഡാനിയേൽ എന്നിവർ പ്രസംഗിച്ചു. രണ്ടു ദിവസം നീണ്ടുനിന്ന പരിശീലന പരിപാടിയിൽ അഡ്വ. ലിജോ റോയ്, ശ്രീ. ആൽഫ്രെട്ട് ജോർജ് , ഡോ. നാസറുദീൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## പദ്ധതി അവലോകന യോഗം

വിവിധ പദ്ധതികളുടെ ഒരു അവലോകന യോഗം മാർച്ച് 7-ാം തീയതി ശ്രോതസ്സിൽ വച്ചു നടന്നു. വിവിധ പദ്ധതികളുടെ

പുരോഗതിയും, ധനപരമായ അവസ്ഥയും വിലയിരുത്തി. ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്ത്, രാജൻ എം. കാരക്കാട്ടിൽ എന്നിവർ നേതൃത്വം നൽകി.

## SAFP പ്രവർത്തന അവലോകന യോഗം

SAFP പ്രവർത്തന അവലോകന മീറ്റിംഗ് 7-ാം തീയതി സ്രോതസ്സിൽ വച്ചു നടന്നു.

## DDU-GKY രക്ഷാകർത്തൃ യോഗം

DDU- GKY പദ്ധതി ഗുണഭോക്താക്കളുടെ രക്ഷാകർത്തൃ യോഗം മാർച്ച് 8-ാം തീയതി സ്രോതസ്സിൽ വച്ചു നടന്നു. ശ്രീ. ജോർജ് ഡാനിയേൽ, ജിൻസി എസ്.എസ് എന്നിവർ നേതൃത്വം നൽകി.

## കില പരിശീലന പരിപാടി

മാർച്ച് 9-ാം തീയതി തൃശ്ശൂരിൽ വച്ചു നടന്ന കില പരിശീലന പരിപാടിയിൽ രാജൻ എം. കാരക്കാട്ടിൽ പങ്കെടുത്തു.

## വിവാഹ മുന്നൊരുക്ക കൗൺസലിംഗ് പരിപാടി– കണ്ണൂർ

വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ലയിൽ മാർച്ച് 10, 11 തീയതികളിൽ വിവാഹ മുന്നൊരുക്ക കൗൺസലിംഗ് പരിപാടി സംഘടിപ്പിച്ചു. ഉദ്ഘാടനകർമ്മം ആദരണീയയായ വനിതാകമ്മീഷൻ അംഗം ശ്രീമതി ഇ.എം. രാധ നിർവ്വഹിച്ചു. ആന്തൂർ മുൻസിപാലിറ്റി ചെയർപേഴ്സൺ ശ്രീമതി പി.കെ. ശ്യാമള, അഡ്വ. പ്രേമകുമാരി, ഡോ. സുർജിത്ത്, രാജൻ എം. കാരക്കാട്ടിൽ, ഡിജു ഡാനിയേൽ എന്നിവർ പ്രസംഗിച്ചു. രണ്ടു ദിവസം നീണ്ടു നിന്ന പരിശീലന പരിപാടിക്ക് ആൽഫ്രെട്ട് ജോർജ്, അഡ്വ. ലിജോ റോയ്, ഡോ. മുനീർ, ഡോ. സജുതോമസ്, ഡോ. സുകന്യ എന്നിവർ നേതൃത്വം നൽകി.

## വിവാഹ മുന്നൊരുക്ക കൗൺസലിംഗ് പരിപാടി– കോട്ടയം

വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിൽ 17, 18 തീയതികളിൽ നടന്ന വിവാഹ മുന്നൊരുക്ക കൗൺസലിംഗ് പരിപാടി വനിതാ കമ്മീഷൻ ഡയറക്ടർ ശ്രീ. കെ.യു. കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്ത്,

ശ്രീ. ഡിജു ഡാനിയേൽ, ശ്രീ. അജിൻ ജോൺ എന്നിവർ പ്രസംഗിച്ചു. രണ്ടു ദിവസം നീണ്ടു നിന്ന പരിശീലന പരിപാടിയിൽ പ്രൊഫ. എ.ജി. ജോർജ്, ഡോ. ലിസ്സി ഷാജഹാൻ, ആൽഫ്രെട്ട് ജോർജ്, ജോബി മാത്യു, ജോർജ് വെട്ടിക്കാട്ടിൽ എന്നിവർ ക്ലാസുകൾ നയിച്ചു. സമാപന സമ്മേളനം വനിതാ കമ്മീഷൻ അംഗം ശ്രീമതി ഇ.എം. രാധ നിർവ്വഹിച്ചു. ശ്രീ. ജയരാജ്, രാജൻ എം. കാരക്കാട്ടിൽ, ഡിജു ഡാനിയേൽ, അജിൻ ജോൺ എന്നിവർ പ്രസംഗിച്ചു.

## SLF പരിശീലന പരിപാടി

SLF പദ്ധതിയുടെ ഗുണഭോക്താക്കളുടെ രക്ഷകർത്താക്കൾക്ക് വേണ്ടിയുള്ള ഒരു പരിശീലനപരിപാടി മാർച്ച് 20-ാം തീയതി സ്രോതസ്സിൽ വച്ചു നടന്നു. ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്ത് ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ അവകാശങ്ങൾ, ഉപജീവന പരിശീലന വ്യക്തിഗത കൗൺസലിംഗ് എന്നിവ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു. സിസ്റ്റർ ലിസ്ബെത്ത്, ശ്രീമതി അനിത, ബിന്ദുകുമാരി എന്നിവർ കൗൺസലിംഗ് പരിപാടികൾക്കും, ശ്രീ. ടോണി, തസ്‌ലീന, അജയ് എന്നിവർ കുട്ടികളുടെ അവകാശങ്ങളെപ്പറ്റിയും, രാജൻ എം കാരക്കാട്ടിൽ, ജിയാരാജ് എന്നിവർ ഉപജീവന പരിശീലനത്തെപ്പറ്റിയും ക്ലാസുകൾക്ക് നേതൃത്വം നൽകി.

## Sonal Regional Network Meeting

സെൻസ് ഇന്റർനാഷണൽ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്കും ബധിരാന്ധതയുള്ള കുട്ടികളുടെ മാതാപിതാക്കൾ, ബന്ധുക്കൾക്കായി ഒരു വർക്ക്ഷോപ്പ് 2017 മാർച്ച് 9, 10 തീയതികളിൽ ചെന്നൈയിൽ വച്ചു നടത്തപ്പെടുകയുണ്ടായി. പ്രസ്തുത വർക്ക്ഷോപ്പിൽ സ്പെഷ്യൽ എജുക്കേറ്റർമാരായ ശ്രീമതി ബൃന്ദ അജിത്ത്, ശ്രീമതി അഖില എന്നിവർ പങ്കെടുത്തു.

## Directors Meet- 2018

2018 വർഷത്തെ സെൻസ് ഇന്തർനാഷണൽ ഇന്ത്യയുടെ പങ്കാളികളുടെ മീറ്റിംഗ് മാർച്ച് 13, 14 തീയതികളിൽ നടക്കുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ഡയറക്ടർ ഫാ. തോമസ് മുകളുംപുറത്ത് പങ്കെടുത്തു.

## Capacity Building Workshop

സെൻസ് ഇന്റർ നാഷണൽ ഇന്ത്യയുടെ 2018 വർഷത്തെ Capacity Building Workshop മാർച്ച് 12 മുതൽ 15 വരെ തീയതികളിൽ നടത്തപ്പെട്ടു. കോ- ഓർഡിനേറ്റർ അഭിലാഷ് വി. ജി. പങ്കെടുത്തു.

## Parents Meet

സെൻസ് ഇന്റർ നാഷണൽ ഇന്ത്യയുടെ പദ്ധതിയുടെ ഗുണഭോക്താക്കളുടെ രക്ഷകർത്താക്കളുടെ മീറ്റിംഗ് തിരുവനന്തപുരം ജില്ലയിൽ 2018 മാർച്ച് 23-നും കന്യാകുമാരി ജില്ലയിൽ മാർച്ച് 24-നും നടത്തപ്പെട്ടു.

## വിനോദയാത്ര

സെൻസ് ഇന്തർനാഷണൽ പദ്ധതിയിൽ ഉൾപ്പെട്ട തിരുവനന്തപുരം, കന്യാകുമാരി ജില്ലകളിലെ ബധിരാന്ധതയുള്ള കുട്ടികൾക്കായി കോവളത്തേയ്ക്ക് ഒരു വിനോദയാത്ര **24, 26** തീയതികളിൽ സംഘടിപ്പിച്ചു.

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 11 കുടുംബങ്ങൾക്ക് 1,13,008 രൂപയും

ഇൻഷുറൻസ് വഴിയുള്ള മരണാനന്തര സഹായമായി 3 കുടുംബങ്ങൾക്ക് 48,000 രൂപയും

എസ്.എൽ.എഫ് സഹായ പദ്ധതിയിൽ 36 കുട്ടികൾക്ക് 1,18,578 രൂപയും

വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 13,500 രൂപയും നൽകി.

# ഇടയനാളാഗമം

## മാർച്ച് 2018
## (പ്രധാന പരിപാടികൾ)

**മാർച്ച് 2**

കുവൈറ്റ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവക കൂട്ടായ്മയുടെ രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് നടന്ന സമ്മേളന ത്തിൽ വച്ച് ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

**മാർച്ച് 3**

പുനലൂർ വൈദികജില്ലയിലെ കറവൂർ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിച്ച ദൈവാലയ ത്തിന്റെ കൂദാശാകർമ്മം നിർവ്വഹിക്കുകയും തുടർന്ന് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു.

**മാർച്ച് 4**

മുണ്ടക്കയം ചിറ്റടിയിൽ നടന്ന ബൈബിൾ കൺവെൻഷന്റെ സമാപനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

വൈകിട്ട് 3.30-ന് ഉളനാട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്ന തിരുവനന്തപുരം മേജർ അതിഭദ്രാസ നാംഗമായ വന്ദ്യ മണ്ണിൽ സാമുവൽ റമ്പാന്റെ കബറടക്ക ശുശ്രൂഷ യ്ക്ക് മുഖ്യകാർമ്മികത്വം നിർവ്വഹിച്ചു.

**മാർച്ച് 5**

രാവിലെ 10.00-ന് കോട്ടയം സെയ്ന്റ് ഗിറ്റ്സ് കോളേജിൽ പരി. പരുമല തിരുമേനി അനുസ്മരണ പ്രഭാഷണ പരമ്പരയിൽ "ആദ്ധ്യാത്മികതയും വിദ്യാഭ്യാസവും" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

**മാർച്ച് 6**

രാവിലെ 8.00 മണിക്ക് പട്ടം തിരുസന്നിധി അരമനയിൽ വച്ച് ബഹു. സംസ്ഥാന സഹകരണവകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനുമായി കൂടിക്കാഴ്ച നടത്തി. തുടർന്ന് എം.സി.വൈ.എം.

തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ടവരുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

തുടർന്ന് 11.00-ന് പട്ടം തിരുസന്നിധി അരമനയിൽ പുതുതായി മഹാനായ വി. ബസേലിയോസിന്റെ നാമധേയത്വത്തിൽ പുനർനിർമ്മിച്ച ചാപ്പലിന്റെ മൂറോൻ കൂദാശാ കർമ്മത്തിന്റെ ഒന്നാംഘട്ടം മുഖ്യകാർമ്മികത്വം വഹിച്ചു.

**മാർച്ച് 7**

വൈകിട്ട് 3.00-ന് വേറ്റിനാട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിലാരംഭിച്ച് പുതുതായി ആരംഭിക്കുന്ന ധ്യാനകേന്ദ്രത്തിലേക്ക് നടന്ന വി. സ്ലീബാപാതയിൽ സംബന്ധിച്ച് സമാപന സന്ദേശം നൽകി.

**മാർച്ച് 8**

രാവിലെ 9.30-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികർക്കായുള്ള നോമ്പുകാല ധ്യാനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 2.30-ന് അരമന ചാപ്പലിന്റെ മൂറോൻ കൂദാശയുടെ രണ്ടാം ഭാഗം ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**മാർച്ച് 11**

കോയമ്പത്തൂർ മലങ്കര കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ബൈബിൾ കൺവെൻഷനിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**മാർച്ച് 12**

അടൂർ പി.യു.എൽ.പി. സ്കൂളിന്റെ നവതി ആഘോഷങ്ങളോടനുബന്ധിച്ച് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

**മാർച്ച് 13**

രാവിലെ 7.00-ന് കൊട്ടാരക്കര വൈദികജില്ലയിലെ മഞ്ഞക്കാല മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിക്കുന്ന പാരിഷ് ഹാളിന്റെയും വൈദികമന്ദിരത്തിന്റെയും ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

**മാർച്ച് 15**

നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാനഗറിലെ മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജിൽ നടന്ന വാർഷിക-യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്ത് അവാർഡുദാനം നിർവ്വഹിച്ചു.

ഉച്ചയ്ക്ക് 2.00-ന് ബഹു. ശ്രീ. ബി. സത്യൻ എം.എൽ.എ. യുടെ വത്സലമാതാവിന്റെ നിര്യാണത്തിൽ അദ്ദേഹത്തിന്റെ വസതി യിലെത്തി പ്രാർത്ഥന നടത്തുകയും അനുശോചനം അറിയിക്കു കയും ചെയ്തു.

വൈകുന്നേരം 5.00-ന് മുണ്ടേല മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് ഫെബിയായ്ക്ക് വി. മാമോദീസാ നൽകി.

**മാർച്ച് 16**

വൈകുന്നേരം 5.00-ന് രാഷ്ട്രം പത്മഭൂഷൺ ബഹുമതി നൽകി ആദരിച്ച മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനിക്ക് തിരുവനന്തപുരം പൗരാവലി നൽകുന്ന അനുമോദന സമ്മേളന ത്തിന്റെ കൂടിയാലോചന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**മാർച്ച് 17**

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ആഡിറ്റോറിയത്തിൽ നടന്ന കേരള സംസ്ഥാന ടീച്ചേഴ്സ് ഗിൽഡിന്റെ സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**മാർച്ച് 19**

വെള്ളയമ്പലം ലത്തീൻ ആർച്ചുബിഷപ്പ്സ് ഹൗസിൽ എത്തി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ ആർച്ചുബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം തിരുമേനിയ്ക്ക് ആശംസകൾ നേർന്നു.

വൈകിട്ട് 6.00-ന് മാർ ഈവാനിയോസ് കോളേജിൽ 7 അധ്യാപകർക്ക് നൽകിയ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**മാർച്ച് 20**

രാവിലെ റാന്നി-പെരുന്നാട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ മേഘാ സൂസൻ തോമസ് മണ്ണിലിന്റെ ശവസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകിട്ട് 5.00-ന് കൊട്ടാരക്കര വൈദികജില്ലയിലെ പുലമൺ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ പ്രധാന വാതിൽ സ്ഥാപന കർമ്മം നിർവ്വഹിച്ചു.

തുടർന്ന് കലയപുരം ബഥനി സ്കൂളിൽ നടന്ന കൊട്ടാരക്കര വൈദികജില്ലാ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് വചനസന്ദേശം നൽകി.

**മാർച്ച് 21**

രാവിലെ മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ റവ. ഉമ്മൻ കശ്ശീശായുടെ നിര്യാണത്തിൽ പാറ്റൂരിലുള്ള വസതിയിലെത്തി അനുശോചനമറിയിച്ച് പ്രാർത്ഥന നടത്തി.

ഉച്ചയ്ക്ക് 1.00-ന് മാവേലിക്കര ഭദ്രാസനാംഗമായ നിര്യാതനായ റവ. ഫാ. ജേക്കബ് കിഴക്കുംകരയുടെ കല്ലുവാതുക്കലുള്ള ഭവനത്തിലെത്തി ആദരാഞ്ജലികൾ അർപ്പിക്കുകയും ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

വൈകിട്ട് 6.00-ന് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ അങ്കണത്തിൽ നടന്ന പത്തനംതിട്ട ഭദ്രാസന കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് വചനസന്ദേശം നൽകി.

**മാർച്ച് 22**

ബോണക്കാട് കുരിശുമല തീർത്ഥാടനത്തോട് അനുബന്ധിച്ച് നടന്ന സഭൈക്യ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**മാർച്ച് 24**

രാവിലെ 10.00-ന് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ നടന്ന എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ ഈ വർഷത്തെ കർമ്മപദ്ധതി ഉദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നൽകി.

വൈകിട്ട് 5.30-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നവീകരിച്ച വി. ഗീവർഗീസ് സഹദായുടെ നാമധേയത്വത്തിലുള്ള കുരിശ്ശടി കൂദാശ ചെയ്തു.

**മാർച്ച് 25**

രാവിലെ 7.30–ന് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ഓശാന പെരുന്നാൾ ശുശ്രൂഷയ്ക്കും വി. കുർബാനയ്ക്കും മുഖ്യകാർമ്മികത്വം വഹിച്ച് വചനസന്ദേശം നൽകി. തുടർന്ന് കത്തീഡ്രൽ അങ്കണത്തിൽ എം.സി.വൈ.എം. പതാക ഉയർത്തി മലങ്കര സുറിയാനി കത്തോലിക്കാ സഭാതല യുവജനവർഷാചരണം ഉദ്ഘാടനം ചെയ്തു.

**മാർച്ച് 27**

രാവിലെ 9.00–ന് നാലാഞ്ചിറ ബഥനി സിസ്റ്റേഴ്സ് പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ നടന്ന റവ. സി. ശ്രദ്ധ എസ്.ഐ.സി. യുടെ ശവസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**മാർച്ച് 29**

പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ പെസഹാ ശുശ്രൂഷയോട് അനുബന്ധിച്ച് നടന്ന കാൽ കഴുകൽ ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**മാർച്ച് 30**

രാവിലെ 7.30–ന് പാളയം സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ ലത്തീൻ, മലങ്കര സുറിയാനി കത്തോലിക്കാ, സീറോ മലബാർ എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ നടന്ന വിശുദ്ധ കുരിശിന്റെ വഴിയിൽ ആമുഖ പ്രഭാഷണം നടത്തി.


തുടർന്ന് വേങ്ങൂർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ദുഃഖവെള്ളി ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**മാർച്ച് 31**

പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ഉയിർപ്പ് പെരുന്നാളിനോടനുബന്ധിച്ച് നടന്ന ശുശ്രൂഷയ്ക്കും വി. കുർബാനയ്ക്കും മുഖ്യകാർമ്മികത്വം വഹിച്ച് വചനസന്ദേശം നൽകി.

# ആദരാഞ്ജലികൾ

## വന്ദ്യ മണ്ണിൽ സാമുവൽ റമ്പാൻ (90)



തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായ **വന്ദ്യ മണ്ണിൽ സാമുവൽ റമ്പാൻ (90)** നിര്യാതനായി. പനച്ചമൂട്, പാറശ്ശാല, പാളയം, ബാലരാമപുരം, എരുത്താവൂർ, പ്രാവച്ചമ്പലം, കണ്ണംകോട്, പാപ്പനംകോട്, പാമാംകോട്, ഗുരുനാഗപ്പൻകാവ്, കുറവൻകോണം, പേരൂർക്കട, പത്തനംതിട്ട, തോട്ടുപുറം മുതലായ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സെന്റ് അലോഷ്യസ് മൈനർ സെമിനാരി റെക്ടർ, മലങ്കര മേജർ സെമിനാരി പ്രൊഫസ്സർ, ആദ്ധ്യാത്മികഗുരു, മാർ ഈവാനിയോസ് കോളേജ് പ്രൊഫസ്സർ, സെന്റ് തോമസ് ഹോസ്റ്റൽ വാർഡൻ, മേജർ അതിഭദ്രാസന കൗൺസിൽ, വൈദികസമിതി എന്നിവയുടെ സെക്രട്ടറി, കേരള സർവ്വകലാശാല, എം.ജി. സർവ്വകലാശാല എന്നിവിടങ്ങളിലെ സുറിയാനി ഭാഷാ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, കേരളാ സർവ്വകലാശാല അക്കാദമിക് കൗൺസിൽ അംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. വന്ദ്യ റമ്പാച്ചന്റെ കബറടക്കം 2018 മാർച്ച് 4-ന് ഉച്ചകഴിഞ്ഞ് 3.30-ന് പന്തളം ഉളനാട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യരായ തോമസ് മാർ യൗസേബിയോസ്, സാമുവൽ മാർ ഐറേനിയോസ് എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു.

**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ**

## സ്മരണീയ ദിനങ്ങൾ

### 2018 ഏപ്രിൽ

| | | |
|---|---|---|
| 1 | **ഞായർ** | **ക്യംതാ** (ഉയിർപ്പു പെരുന്നാൾ)<br>**വികാരിക്കുർബാന** |
| 2 | തിങ്കൾ | ഹേവോറെ ആഴ്ച |
| 6 | വെള്ളി | സകല മൗദ്യാനന്മാർ |
| 8 | **ഞായർ** | **പുതുഞായറാഴ്ച**<br>**സെമിനാരി ദിനം**<br>**ലോറൻസ് മാർ അപ്രേം തിരുമേനിയുടെ ഓർമ്മ (1997)** |
| 12 | വ്യാഴം | മാർ യൂലിയോസ് പാപ്പ<br>**അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ നാമഹേതുകതിരുന്നാൾ** |
| 13 | വെള്ളി | മാർ സെറാഫിയോൻ |
| 14 | ശനി | മാർ ശെമഊൻ ബെർസാബോയോ |
| 15 | **ഞായർ** | **ഉയിർപ്പിനുശേഷം രണ്ടാം ഞായർ** |
| 22 | **ഞായർ** | **ഉയിർപ്പിനുശേഷം മൂന്നാം ഞായർ** |
| 23 | തിങ്കൾ | **മാർ ഗീവർഗ്ഗീസ് സഹദാ** |
| 25 | ബുധൻ | മർക്കോസ് സുവിശേഷകൻ |
| 27 | വെള്ളി | വി. ക്ലീറ്റസ് |
| 28 | ശനി | **ഐസക് മാർ യൂഹാനോൻ തിരുമേനിയുടെ ഓർമ്മ (1987)** |
| 29 | **ഞായർ** | **ഉയിർപ്പിനു ശേഷം നാലാം ഞായർ**<br>സിയന്നായിലെ വി. കത്രീന |
| 30 | തിങ്കൾ | സെബദിപുത്രനായ മാർ യാക്കോബ് ശ്ലീഹാ |

## ജന്മദിനാശംസകൾ

### ഏപ്രിൽ 2018

01 - റവ. ഫാ. ജേക്കബ് കല്ലുവിള

05 - റൈറ്റ്. റവ. മോൺ. ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്കോപ്പ

12 - റൈറ്റ് റവ. ഫിലിപ്പ് ഉഴന്നല്ലൂർ കോറെപ്പിസ്കോപ്പ

17 - റവ. ഫാ. ജേക്കബ് മാത്യു ഇടയിലഴികത്ത്

22 - റൈറ്റ് റവ. ജെയിംസ് പാറവിള കോറെപ്പിസ്കോപ്പ

30 - റവ. ഫാ. ജോഷ്വാ കന്നിലേത്ത്

## പ്രാർത്ഥനയിൽ ഓർക്കാം

### ഏപ്രിൽ 2018

02 - റവ. ഫാ. മത്തായി മലഞ്ചരുവിൽ

15 - റവ. ഫാ. സക്കറിയാസ് എഴിയത്ത്, ഓമല്ലൂർ

16 - റവ. ഫാ. തോമസ് ഇഞ്ചക്കലോടി

20 - റവ. ഫാ. മത്തായി വിളയിൽ

25 - റവ. ഫാ. ഗീവറുഗ്ഗീസ് പീടികയിൽ

26 - റവ. ഫാ. ജേക്കബ് കിഴക്കേടത്ത്

30 - റവ. ഫാ. എബ്രഹാം മത്തായി

# അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

## ഏപ്രിൽ 2018

| | | |
|---|---|---|
| 1 | പട്ടം | |
| 2 | 11.30 am | ഉറുകുന്ന് |
| | 04.00 pm | അട്ടച്ചാക്കൽ |
| 3 | 08.00 am | മൂവാറ്റുപുഴ |
| | 03.30 pm | ചാലക്കുടി |
| 4 | ബത്തേരി | |
| 5 | 10.00 am | ബത്തേരി (എം.സി.എ.) |
| | 11.00 am | ബത്തേരി (കത്തീഡ്രൽ) |
| | 03.30 pm | കൊയിലേരി (മാനന്തവാടി) |
| 6 | നടുവിൽ (കണ്ണൂർ) | |
| 7 | 11.00 am | കാവടിത്തല |
| | 03.30 pm | അരുവിയോട് |
| 8 | 08.00 am | ഇളമണ്ണൂർ |
| | 04.00 pm | വേറ്റിനാട് |
| 9 | നാലാഞ്ചിറ | |
| 10 | പട്ടം | |
| 11 | പട്ടം | |
| 12 | 07.00 am | ഏഴംകുളം (അഞ്ചൽ) |
| | 04.00 pm | പാലാ |
| 14 | 11.00 am | ആനന്ദപ്പള്ളി |
| | 06.00 pm | നാലാഞ്ചിറ |
| 17 | ക്ലർജി ഫെലോഷിപ്പ് (വൈ.എം.സി.എ.) | |
| 18 | കൊല്ലം | |

| | | |
|---|---|---|
| 20 | 08.30 am | മൂവാറ്റുപുഴ |
| | 02.30 pm | പീച്ചി |
| 21 | എറണാകുളം | |
| 22 | 09.00 am | കുര-മൈലം |
| | 05.00 pm | ആര്യങ്കാവ് |
| 23 | വാളകം | |
| 24 | നാലാഞ്ചിറ | |
| 25-26 | മേജർ സെമിനാരി ക്യാമ്പ് | |
| 27 | പട്ടം | |
| 28 | കർതൃകടവ് (കൊച്ചി) | |
| 29 | 08.00 am | പിൻകുളം |
| | | തൃശ്ശൂർ |
| 30 | നാലാഞ്ചിറ | |

### മലങ്കര സുറിയാനി കത്തോലിക്കാ സഭ

# ദൈവവിളി പ്രാർത്ഥനാവാരം 2018

## ദൈവവിളിയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

''എന്റെ പിതാവിനാൽ ആകർഷിക്കപ്പെടാതെ ആരും എന്റെ അടുക്കലേക്ക് വരുന്നില്ല'' (യോഹ. 6:44)

മലങ്കര സുറിയാനി കത്തോലിക്കാ സഭ ദൈവവിളി പ്രാർത്ഥനാ വാരമായി ആചരിക്കുന്നത് 2018 ഏപ്രിൽ 8 മുതൽ 14 വരെയാണ്. നമ്മുടെ കർത്താവിന്റെ തിരുവുത്ഥാനത്തിന്റെ മഹത്വപൂർണമായ ദിനങ്ങളിൽത്തന്നെയാണ് ദൈവവിളി പ്രാർത്ഥനാവാരം നാം സവിശേഷമായി ആഘോഷിക്കുന്നത്. പാപത്തിന്റെയും, സാത്താന്റെയും, മരണത്തിന്റെയും അടിമത്തത്തിൽ നിന്നും മഹത്വപൂർണനായി ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ പ്രകാശത്തിൽ ജീവിതത്തെ വിലയിരുത്താനും, ഉത്ഥാനത്തിന്റെ പ്രഥമസാക്ഷിയായ മഗ്ദലനമറിയത്തെപ്പോലെ സുവിശേഷത്തിന്റെ സാക്ഷികളാകാനും നമ്മുടെ മക്കളെ ആഹ്വാനം ചെയ്യുക എന്നുള്ളതാണ് ഈ വാരാചരണത്തിന്റെ പ്രഥമലക്ഷ്യം.

"നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല; ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ. 15:16). ക്രിസ്തുവിന്റെ ഈ വെളിപ്പെടുത്തലിൽനിന്നും നമുക്ക് മനസ്സിലാകുന്നത് ദൈവവിളി പ്രഥമവും, പ്രധാനമായും ദൈവത്തിന്റെ ഒരു ദാനവും തെര

ഞ്ഞെടുപ്പുമാണ് എന്ന വസ്തുതയാണ്. യേശുവിനോടൊപ്പം ജീവിക്കുവാനും, അവിടുത്തെ രാജ്യം ഈ ഭൂമിയിൽ സംസ്ഥാപിക്കുവാനും, അവിടുന്ന് നമ്മെ വിളിക്കുകയും, തെരഞ്ഞെടുക്കുകയും ചെയ്യുന്നു (യോഹ. 15:16). ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും അവിടുത്തേക്ക് നമ്മോടുള്ള വ്യക്തിഗതമായ സ്നേഹത്തിന്റെ അടയാളമാണ്. ഈ വിളി കുടുംബജീവിതാവസ്ഥയിലേക്കും, പൗരോഹിത്യ സമർപ്പിത ജീവിതാവസ്ഥയിലേക്കും ഏകസ്ഥജീവിതത്തിലേക്കുമുള്ള ദൈവത്തിന്റെ ക്ഷണമാണ്. പരിശുദ്ധാത്മ നൽവരത്താൽ പൂരിതരായി, ഓരോരുത്തരും തീക്ഷ്ണമായി ആഗ്രഹിക്കുകയും, തെരഞ്ഞെടുക്കുകയും ചെയ്യേണ്ട വ്യത്യസ്ഥ ജീവിതാവസ്ഥകളാണ് ഓരോ ദൈവവിളിയും. മാമോദീസായിൽ അധിഷ്ഠിതമായ ക്രൈസ്തവ ദൈവവിളിയെ പ്രകാശിപ്പിക്കുകയും പൂർത്തീകരിക്കുകയും, വിശുദ്ധീകരിക്കുകയും ചെയ്യുന്നത് ഒരാൾ ദാമ്പത്യജീവിതത്തിലേക്കോ, വൈദിക-സമർപ്പിത ജീവിതത്തിലേക്കോ പ്രവേശിക്കുമ്പോഴാണ്. ആയതിനാൽ ദൈവത്തിന്റെ വിളി സ്വീകരിക്കുവാനും, തിരുസഭയിലൂടെ അവിടുത്തേക്ക് ശുശ്രൂഷ ചെയ്യുവാനും ആഗ്രഹമുള്ള കുഞ്ഞുങ്ങളെ കണ്ടെത്തുവാനും, പ്രോത്സാഹിപ്പിക്കുവാനും, ദൈവം അവർക്കായി കരുതിയിരിക്കുന്ന ജീവിതാവസ്ഥയിലേക്ക് അവരെ കൈപിടിച്ചു നടത്താനും, മാതാപിതാക്കൾ, വൈദികർ, സമർപ്പിതർ, വിശ്വാസപരിശീലകർ, ഭക്തസംഘടനാ ഭാരവാഹികൾ എന്നിവരെല്ലാം സർവാത്മനാ പരിശ്രമിക്കേണ്ടതാണ്. ബാലനായ ദാവീദിനെ ദൈവം വിളിച്ചതുപോലെ, മക്കളെ ദൈവം വിളിക്കുമ്പോൾ മാതാപിതാക്കന്മാരുടെ ലൗകിക താല്പര്യങ്ങളോ, മോഹങ്ങളോ, പദ്ധതികളോ ആ ദൈവവിളിക്ക് തടസ്സമായി നിൽക്കാൻ ഇടയാകരുത്. അബ്രഹാമിനോടെന്നപോലെ ദൈവം മക്കളെ ചോദിക്കുമ്പോൾ മടികൂടാതെ കൊടുക്കുക. അങ്ങനെ ദൈവപദ്ധതിക്ക് മക്കളെ സമർപ്പിക്കുന്നതിന് മാതാപിതാക്കൾ കൂടുതൽ ഔദാര്യമുള്ളവരാകണം.

അതുപോലെ ഇടവകകൾ കുടുംബങ്ങളുടെ ആത്മീയ സിരാകേന്ദ്രങ്ങളാണ്. ഇടവകയിലാണ് ദൈവവിളി ജനിക്കുന്നതും, വളരുന്നതും, പക്വത പ്രാപിക്കുന്നതും. ഇടയദൗത്യത്തിൽ ഉൾചേർന്നിരിക്കുന്ന ബഹു. വികാരിമാരും, ഇടവകകൂട്ടായ്മയിൽ ഉൾചേർന്നു നിൽക്കുന്ന വിശ്വാസി സമൂഹവും, ഇടവക ഭരണസമിതിയും, ഭക്ത

സംഘടനകളുമൊക്കെ ദൈവവിളി പ്രോത്സാഹകരും, ദൈവവിളി പരിപോഷകരുമാണ്. "കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ. അവരെ തടയരുത്" എന്ന് ക്രിസ്തു അപ്പസ്തോലന്മാരോട് അരുളിചെയ്ത തിരുവചനം ഗൗരവമായി സ്വീകരിച്ച് കുട്ടികളെ ദൈവത്തിലേക്കും, ദൈവിക കാര്യങ്ങളിലേക്കും അടുപ്പിക്കുക എന്നുള്ളത് ഇടവകകൂട്ടായ്മയുടെ ഗൗരവാവഹമായ ചുമതലയാകുന്നു.

ദൈവരാജ്യശുശ്രൂഷയിൽ അത്ഭുതകരമായ ദൈവപരിപാലന അനുഭവിക്കുന്ന ഒരു സഭയാണ് നമ്മുടേത്. ദൈവത്തിന്റെ വിളിയോട് സർവാത്മനാ സഹകരിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മഹത്തായ പൈതൃകമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ അജപാലകർക്കും സമർപ്പിതർക്കും ഉള്ളത്. ഈ മഹത്തായ പൈതൃകം ഉൾകൊണ്ടുകൊണ്ട്, സഭാശുശ്രൂഷയ്ക്കായി സമർപ്പിക്കുവാൻ അനേക യുവതീ-യുവാക്കന്മാർ വൈദിക സന്യാസ വഴികളിലേക്ക് കടന്നുവരേണ്ടിയിരിക്കുന്നു. ഭാരതത്തിൽ മുഴുവൻ സുവിശേഷമറിയിക്കുവാൻ പരിശുദ്ധ സിംഹാസനം മലങ്കര സഭയെ അനുവദിച്ച് അനുഗ്രഹിച്ചിരിക്കുകയാണ്. ചുരുങ്ങിയ ഈ കാലയളവിൽ ഭാരതത്തിലെ വിവിധ ഇടങ്ങളിൽ സജീവമായ മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സുവിശേഷ വെളിച്ചത്തിനായി അതിയായി ആഗ്രഹിക്കുന്ന ധാരാളം ഇടങ്ങൾ ഭാരതത്തിലുണ്ട്. വിശാലമായ നമ്മുടെ ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണമെങ്കിൽ സമർപ്പിതരായ ധാരാളം വൈദികരെയും, സന്യസ്തരെയും നമുക്ക് ആവശ്യമുണ്ട്. പൗരോഹിത്യ-സന്യസ്ത ദൈവവിളികൾ വർദ്ധമാനമായെങ്കിൽ മാത്രമേ നമ്മുടെ മിഷൻ പ്രവർത്തനങ്ങളും സുവിശേഷ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുവാൻ നമുക്ക് സാധിക്കൂ. ദൈവവിളികളുടെ കുറവ് സഭയുടെ ആദ്ധ്യാത്മികതയുടെ വളർച്ചയെയും, കാരുണ്യപ്രവർത്തനങ്ങളുടെ വികാസത്തെയും ദോഷകരമായി ബാധിക്കും എന്നതിൽ സംശയമില്ല. "വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ. 9:37-38) എന്നരുളിച്ചെയ്ത യേശുവിനോട് സുവിശേഷത്തിന്റെ പുരോഗതിയ്ക്കായി പ്രയത്നിക്കുന്നതിനും അജപാലനശുശ്രൂഷയിൽ അത്ഭുതകരമായ

വളർച്ചയുണ്ടാകുന്നതിനും, ദൈവകൃപയും, പ്രേഷിതാഭിമുഖ്യവുമുള്ള അനേകം യുവതീയുവാക്കളെ ദൈവശുശ്രൂഷയ്ക്കും, സഭയുടെയും, സമൂഹത്തിന്റെയും കെട്ടുപണിയ്ക്കുമായി അയയ്ക്കണമെ എന്ന് മുട്ടിപ്പായി നമുക്ക് പ്രാർത്ഥിക്കാം.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേകമായ സംവിധാനത്തിലും, പശ്ചാത്തലത്തിലും വൈദിക-സന്യസ്ത ജീവിതാന്തസിലേക്കുള്ള ദൈവവിളിയുടെ പ്രോത്സാഹനത്തിനും പരിപോഷണത്തിനുമായിട്ടാണ് പരി. സുന്നഹദോസ് ദൈവവിളിയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന് രൂപംകൊടുത്തിട്ടുള്ളത്. കഴിഞ്ഞവർഷം ഇപ്രകാരമുള്ള ഒരു ദൈവവിളി വാരാഘോഷത്തിന് നാം തുടക്കമിടുകയുണ്ടായി. ഈ വർഷം 2018 ഏപ്രിൽ 8 മുതൽ 14 വരെ വിവിധങ്ങളായ പരിപാടികൾ ഉൾകൊള്ളിച്ചുകൊണ്ട് ദൈവവിളി ആഴ്ചയായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. നമ്മുടെ വിവിധ ഭദ്രാസനങ്ങളിലും, സന്യാസ-സന്യാസിനി സമൂഹങ്ങളിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് ആയി ശുശ്രൂഷ ചെയ്യുന്നവരുടെ പ്രത്യേക നേതൃത്വത്തിലും സഹകരണത്തിലും ഇതിനുള്ള ക്രമീകരണങ്ങൾ ഇടവകകളിലും, സ്ഥാപനങ്ങളിലും, നമ്മുടെ സന്യാസഭവനങ്ങളിലും, കുടുംബങ്ങളിലും നടത്തണമെന്ന് സ്നേഹത്തോടെ ഞാൻ അഭ്യർത്ഥിക്കുന്നു.


ദൈവവിളി വാരാചരണത്തിനായി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ട ഈ ദിനങ്ങൾ നമ്മുടെ കുട്ടികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും, പൗരോഹിത്യ സന്യാസജീവിതത്തിലേക്ക് താല്പര്യമുള്ള കുഞ്ഞുങ്ങളെ കണ്ടെത്തുവാനും, പ്രോത്സാഹനം നൽകുവാനും ദൈവവിളി ക്യാമ്പുകളും, കുട്ടികളുടെ സംഗമങ്ങളും ക്രമീകരിക്കുവാനും, മാധ്യമങ്ങൾ ദൈവവിളി പ്രോത്സാഹന ഉപാധികളായി മാറ്റുവാനും നമുക്ക് കഴിയണം. ദൈവവിളി പ്രോത്സാഹകരെന്ന ഉത്തരവാദിത്വത്തിലേക്ക് ഹൃദയപൂർവം കടന്നുവരുവാൻ എല്ലാ മാതാപിതാക്കളേയും, ബഹു. വൈദികരേയും, സന്യസ്തരേയും, മതാദ്ധ്യാപകരേയും, അൾത്താര ശുശ്രൂഷികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ യുവജന വർഷമായി ആചരിക്കുന്ന ഈ കാലയളവിൽ (2018 മാർച്ച് 25-2019 മാർച്ച് 25) വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് തങ്ങളുടെ

ജീവിതവിളിയെ വിവേചിച്ചറിയാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് യുവജനങ്ങളോട് സ്നേഹത്തോടെ ഞാൻ ഉദ്ബോധിപ്പിക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ സഭയുടെ അജപാലന ശുശ്രൂഷകളിൽ വ്യാപൃതരായിരിക്കുന്ന നമ്മുടെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരെയും, ബഹു. വൈദികരെയും, സമർപ്പിതരെയും, അത്മായ പ്രേഷിതരെയും നന്ദിയോടെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നു. മലങ്കര കത്തോലിക്കാസഭ പൗരോഹിത്യ സന്യസ്ത ദൈവവിളികളാൽ സമ്പന്നമാകട്ടെ എന്ന് നമുക്ക് ഹൃദയപൂർവം പ്രാർത്ഥിക്കാം. എല്ലാവർക്കും ഉയിർപ്പ് തിരുനാളിന്റെ അനുഗ്രഹങ്ങൾ നേരുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



26.03.2018
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

✠ **സാമുവൽ മാർ ഐറേനിയോസ്**
ചെയർമാൻ, ദൈവവിളിക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ,
തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ.

---

N.B.: ഈ സർക്കുലർ ദൈവവിളി പ്രാർത്ഥനാവാരം ആരംഭിക്കുന്ന ഏപ്രിൽ 8, ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാകേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# ഓർമ്മപ്പെരുന്നാൾ



ആബൂൻ ലോറൻസ് മാർ അപ്രേം
(ഏപ്രിൽ 8)



ആബൂൻ ഐസക്ക് മാർ യൂഹാനോൻ
(ഏപ്രിൽ 28)

# നാമഹേതുക തിരുനാളാശംസകൾ



അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്താ
(ഏപ്രിൽ 12)



തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ റീജൻസി പൂർത്തിയാക്കി വൈദിക വസ്ത്രം സ്വീകരിച്ച വൈദിക വിദ്യാർത്ഥികൾ
സെന്റ് ബേസിൽ ചാപ്പൽ, തിരുസന്നിധി അരമന, പട്ടം. (10–03–2018)

KL/TV(N)461/2009-11 RN, KERBIL 01108/11/1/97-TC
THIRUVANANTHAPURAM MAJOR ATHIBHADRASANA BULLETIN PRICE RS.5/-



അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി കൂദാശ ചെയ്ത കറവൂർ
മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം (3-3-2018)

From
**Editor**
Major Athibhadrasana Bulletin
Major Archbishop's House
Pattom P.O., Trivandrum - 4

Printed and Published by the Chancellor, Major Archdiocese of Trivandrum

Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116